ശ്രീ. എ. ജെ. ജോൺ: മൂവർ എല്ലാ കമ്മിറ്റികളിലെയും ചെയർമാനായിരിക്കുയില്ല. ചില കമ്മിറ്റികളിൽ ഫൈനാൻസു് മിനിസ്റ്റർ ആയിരിക്കും ചെയർമാൻ. ചിലത്തിൽ ഞാനായിരിക്കും. ഒന്നോ രണ്ടോ മണിക്കൂർ സമയം അതിലേയ്ക്കു് ചെലവിടുന്നതുകൊണ്ടു് യാതൊരു കഴപ്പും വരാനില്ല. ഇതു് ടാക്സേഷൻ മെഷർ ആണു്. അതുകൊണ്ടു് കഴിയുന്നതുംവേഗം ഈ ബിൽ പാസ്സാക്കണം. പത്തു ദിവസത്തിനകം സെലക്ഷൻകമ്മിറ്റി റിപ്പോർട്ടുചെയ്യാം. അതുകൊണ്ടു് താഴെ വരുന്ന മെംബറന്മാരെ ഉൾപ്പെടുത്തിയുള്ള ഒരു സെലക്ഷൻകമ്മിറ്റിക്കു് ഈ ബിൽ അയയ്ക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

1. ശ്രീ. കളത്തിൽ വേലായുധൻനായർ
2. ,, എ. സി. ചാക്കോ
3. ,, പി. താണുലിംഗനാടാർ
4. ,, പി. കെ. യശോധരൻ
5. ,, ടി. വി. തോമസ്
6. ,, പി. എസ്. നടരാജപിള്ള
7. ,, പി. ആർ. കൃഷ്ണൻ & Mover. കോറം നാലായിരിക്കുന്നതാണു്.

SHRI A. A. RAHIM: I second it.

Mr. DEPUTY SPEAKER: The question is that the Bill be referred to a Select Committee consisting of.

1. Shri Kalathil Velayudhan Nair
2. ,, A. C. Chacko
3. ,, P. Thanulingam Nadar
4. ,, P. K. Yasodharan
5. ,, T. V. Thomas
6. ,, P. S. Nataraja Pillai
7. ,, P. R. Krishnan, and the Mover, the quorum being four and the Bill to be reportd in ten days.

The motion was put and carried.

The Travancore-Cochin Bhoodan Yagna Bill.

Home Minister (SHRI A. J. JOHN): I beg to introduce the Travancore-Cochin Bhoodan Yagna Bill.

The Bhoodan Yagna Movement of Shri Acharya Vinoba Bhave has already been extended to this State and there has been encouraging response from the people to the movement. The Planning Commission has also mentioned the movement as one having special value for the benifit of landless persons. Steps have already been taken in the States of Madhya Pradesh, Uttar Pradesh, Orissa and Hyderabad to implement the Bhoodan Yagna Movement. It is proposed to take similar legislative action in this State also. The Travancore-

LIBRARY ARCHIVES Kerala Legislative Assembly

Cochin Bhoodan Yagna Bill proposes to facilitate the donations of lands in connection with the Bhoodan Yagna and to provide for the settling of such lands with the landless persons. The salient features of the Bill are the following:—

Clause 3 of the Bill provides for the establishment and incorporation of the Bhoodan Yagna Committee. The Committe will be a body corporate vested with the capacity of suing and be sued in its corporate name, of acquiring, holding, administering and transferring property and of entering into contracts.

Besides the Chairman, the Committee is to consist of four or more but not exceeding nine members. The Chairman and the members have to be nominated by Shri Acharya Vinoba Bhave. Government will have to fix a date for the nomination. If before that date, nominations are not made, Government are competent to appoint the Chairman or the member. The term of office of the Chairman and members has been fixed as four years. They are eligible for reappointment or re-nomination.

Clause 5 empowers Government either to dissolve or supercede the Committee in certain cases, *Viz*:—

(i) When they have failed without reasonable cause to discharge the duties and perform the functions;

(ii) When they are rendered unable to discharge the duties or perform the functions;

(iii) When Government are of opinion that it is expedient to supercede the Committee. Before the Committee is dissolved or superceded, reasonable opportunity to show cause against the action proposed has to be given to the Committee.

It is the duty of the Committee to administer all the lands vested in it for the benefit of Bhoodan Yagna. They are to possess such other powers and perform such other functions as may be prescribed by Rules by Government.

According to the Bill donations of lands have to be made by a declaration in writing by any person who has a heritable and alienable interest in land. This declaration has to be filed with the Tahsildar of the Taluk in which the land is situate. The Tahsildar will publish the declaration calling for objections and make a summary enquiry as to the right, title and interest of the donor in the land. After enquiry and after hearing the objections, the Tahsildar has to either

LIBRARY ARCHIVES Kerala Legislative Assembly

[Shri A. J. John]

confirm the declaration or supercede the same. In the case of the former, all the rights, title and interest of the donor in the land shall stand transferred to the Committee. The Committee will grant lands which have vested in it to the landless persons in the manner prescribed by Rules and the grantees will acquire therein the right and liabilities as the owner had or was subject to.

According to clause 11, common pasture lands, cremation or burial grounds etc., and lands which the Government by notification specify, cannot be donated.

As regards lands donated prior to the commencement of the Act, clause 12 provides that the Committee shall prepare a list of all such lands and forward the same to the Tahsildar who shall publish the same calling for objection and make a summary enquiry as to the right, title and interest of the donor in respect of each such land.

Under clause 14, the grants of lands to landless persons have to be made in accordance with the scheme of Bhoodan Yagna to be prescribed by Rules by Government.

The Bhoodan declaration, the document evidencing the donation of land made prior to the commencement of the Act, and the documents relating to the grant of lands to landless persons are exempted from payment of stamp duty and from registration or attestation.

SHRI A. A. RAHIM : I second it:

MR. DEPUTY SPEAKER : The Bill stands introduced.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് ഒരു പ്രത്യേക രാഷ്ട്രീയപാർട്ടിയുടെ ഒരു പ്രത്യേക പരിപാടിക്കു് നിയമപരമായ സംരക്ഷണം നൽക മെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ഭൂദാനയജ്ഞ പ്രസ്ഥാനം ഏറ്റവും തിരുവിതാംകൂർ-കൊച്ചിയിലെ പ്രത്യേക പരിതഃസ്ഥിതിയിൽ ഏറ്റവും വിജയകരമാകുമെന്നുള്ള കാര്യം നാം കണ്ടറിഞ്ഞതാണു്. ഭാരതത്തിൽ മറ്റു പല സ്ഥലത്തും ഈ ഭൂദാനയജ്ഞപ്രസ്ഥാനം വിജയിച്ചിട്ടുണ്ടെന്നു് പത്രങ്ങളിലും മറ്റും വായിക്കാറുണ്ടു്. എന്നാൽ, തിരുവിതാംകൂർ-കൊച്ചിയിലും, കേരളക്കരയിലും അതിനു സംഭവിച്ച ദയനീയമായ പരാജയം അതിലെ പ്രവർത്തകന്മാർക്കുംകൂടി സമ്മതിക്കേണ്ടതായിവരുമെന്നാണു് എന്റെ വിശ്വാസം. ദാനമായി ലഭിക്കുന്ന ഭൂമി ഈ ബില്ലിൽ പറയുന്നതരത്തിലുള്ള ഒരു കമ്മിറ്റിയുടെ ചുമതലയിൽ വിതരണം ചെയ്തു് ഇവിടത്തെ ഭൂപ്രശ്നം പരിഹരിക്കാമെന്നുപറയുന്നതു് തികഞ്ഞ വിഡ്ഢിത്തമാണു്. ഭൂദാനയജ്ഞ പ്രസ്ഥാനത്തിന്റെ ജനയിതാവായ ഒരു രാഷ്ട്രീയസന്ന്യാസി, സങ്കീർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

മായ സാമ്പത്തികപ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിൽ പരിഹാരംനേടുമെന്നു വിശ്വസിച്ചു് അതിനാവശ്യമായ അധികാരം നൽകുന്നതിനുവേണ്ടി, നിയമനിർമ്മാണം ചെയ്യുന്നതെന്നു പറയുന്നതു് അനാവശ്യമായ ഒരു കായ്മാരംഭമാണു് എനിക്കു് ഈ സഭയെ അറിയിക്കുവാനുള്ളതു്. ഭൂദാനയജ്ഞപ്രസ്ഥാനം ഈ രാജ്യത്തു് വിജയിക്കാൻ പോകുന്നില്ല. സങ്കീർണ്ണമായ ഒട്ടേറെയുള്ള ഭൂപ്രശ്നം പരിഹരിക്കുന്നതിനു്, കൃഷിഭൂമി കുഷ്യനു് കൊടുക്കുക എന്നതത്വം അംഗീകരിക്കാൻ തന്റേടമില്ലാത്ത, അതിനു് യാതൊരു നിർബ്ബന്ധവും കാണിക്കാത്ത, ഒരു രാഷ്ട്രീയപാർട്ടി അധികാരത്തിലിരിക്കുന്ന ഇന്നത്തെ ചുറ്റുപാടിൽ, മൗലികമായ പ്രശ്നങ്ങളും മനസ്സിലാക്കാതെ, അവയ്ക്കുള്ള പ്രത്യേകമായ പരിഹാരമെന്തെന്നു നിശ്ചയമില്ലാതെ രാഷ്ട്രീയമായ ഉദ്ദേശ്യങ്ങളോടുകൂടിമാത്രം തക്കവും, കഴമ്പും ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ഇത്തരമാതിരി പരിപാടികൾക്കു് സംരക്ഷണം നൽകാൻ ബദ്ധപ്പെടരുതെന്നാണു് എനിക്കു് നിർദ്ദേശിക്കാനുള്ളതു്. ഭൂദാനയജ്ഞപ്രസ്ഥാനത്തിനു ലഭിക്കുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം അതിന്റെ നേതാക്കൾക്കു മാത്രമാണുള്ളതു്. ശ്രീ. വിനോബാഭാവേയുടെ നേതൃത്വത്തിൽ നടത്തുന്ന ഈ പ്രസ്ഥാനത്തിനുവേണ്ടി എന്തുകൊണ്ടാണു ഈ ഗവണ്മെന്റു് ഇത്ര ആവേശപൂർവ്വം, അനുഭാവപൂർവ്വം ഒരു നിയമനിർമ്മാണം നടത്താൻ ശ്രമിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഈ ബില്ലിന്റെ ക്ലോസു് മൂന്നിൽ ഭൂവിതരണത്തിനു് ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു പറയുന്നുണ്ടു്. ഈ ബില്ലു് നിയമമായാൽ അതനുസരിച്ചു് ലഭിക്കുന്ന അധികാരം മുഴുവനും ചെന്നുചേരുന്നതു് വിനോബാഭാവേയിലാണു്. കമ്മിറ്റി അംഗങ്ങളേയും, ചെയർമാനേയും നാമനിർദ്ദേശംചെയ്യാനുള്ള അധികാരം ശ്രീ. വിനോബാഭാവേയ്ക്കു് വിട്ടുകൊടുക്കുന്നതു് ഒരു തികഞ്ഞ അനാവശ്യമാണെന്നു് വിനയപൂർവ്വം ഞാൻ ഈ സഭയെ അറിയിക്കുന്നു. ഈ നിയമസഭ പാസ്സാക്കുന്ന നിയമം അനുസരിച്ചു് പ്രവർത്തിക്കാനുള്ള അധികാരം ഈ സഭയോടുത്തരവാദിത്വമുള്ള ഈ ഗവണ്മെന്റിനില്ലെങ്കിൽ, ഈ സ്റ്റേറ്റിനു പുറത്തുള്ള ഒരു വ്യക്തിക്കുണ്ടെന്നുവന്നാൽ അതു ഖേദകരമാണു്. ശ്രീ. വിനോബാഭാവേ ഉന്നതവ്യക്തിത്വമുള്ള ഒരാളാണു്. അദ്ദേഹം അടുത്തകാലത്തെങ്ങാനും മരിച്ചുപോയാൽ, പിന്നാണു് സർ ചെയ്യുക? എത്ര ഉന്നതനായാലും, എത്രയേറെ ആദരണീയനായാലും ഒരു വ്യക്തിയെമാത്രം ആശ്രയിച്ചു് സ്ഥായിയായ ഒരു നിയമം നടപ്പാക്കുന്നതു് ശരിയല്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഏതായാലും ഫലത്തിൽ, ഈ രാജ്യത്തെ സംബന്ധിച്ചുനോക്കുമ്പോൾ ഭൂദാനയജ്ഞമെന്നതു് നടക്കുന്നതു് വെറും വാശാനയജ്ഞമാണു്. ഭൂദാനം നടക്കുന്നില്ല, വാശാനങ്ങൾ മാത്രമാണു നടക്കുന്നതെന്നു് നമുക്കറിയാം. ഇതുവരെ ആകെ ഭൂമി ലഭിച്ചതായി പറയുന്നില്ല. ഈ പ്രസ്ഥാനംകൊണ്ടു് ഭൂപ്രശ്നത്തിനു് പരിഹാരമുണ്ടാകാൻ പോകുന്നില്ല. ഒരു പാർട്ടിയുടെ രാഷ്ട്രീയതാല്പര്യത്തിനുവേണ്ടി, സന്യാസിരാഷ്ട്രീയക്കാർക്കു് പരിരക്ഷനൽകുന്ന ഇതുപോലെയൊരു നിയമനിർമ്മാണം ആവശ്യമാണെന്നു തോന്നുന്നില്ല. ഇങ്ങനെയാണെങ്കിൽ ഞങ്ങളുടെ പാർട്ടിക്കും ചില ബില്ലുകൾ ഇവിടെ അവതരിപ്പിക്കാനുണ്ടു്. ഈ രാജ്യത്തു് സ്ഥായിയായി പരിഹരിക്കപ്പെടേണ്ട ചില പ്രശ്നങ്ങളുണ്ടു്. അവ പരിഹരിക്കുന്നതിനുവേണ്ടി ഞങ്ങളുടെ പാർട്ടിയിൽനിന്നും എതെങ്കിലും ബിൽ അവതരിപ്പിച്ചാൽ, അതു് ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള സാധാരണക്കാരുടെ താല്പര്യങ്ങൾ സംരക്ഷിയ്ക്കാനാണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഡി. വിവേകാനന്ദൻ]

അടിസ്ഥാനത്തിൽ ഇതുപോലെ അംഗീകരിക്കാൻ ഈ ഗവണ്മെൻറ് തയാറാകുമോ എന്നാണ് സർ എനിക്ക് ചോദിക്കാനുള്ളത്. അതു കണ്ടുതന്നെ അറിയണം. ഉദാഹരണത്തിനു് അദ്ധ്യാപകരുടെ അവശതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഒരു ബില്ലായി ഈ സഭയുടെ മുമ്പിൽ വരികയാണ്. ഗവണ്മെൻറിൻറെ നിലപാട് വ്യക്തമായി മനസ്സിലാക്കാൻ അതു് ചർച്ചയ്ക്കു വരുമ്പോൾ നമുക്ക് അവസരം ലഭിക്കും. സർ, ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രത്യേക ആവശ്യത്തിനുവേണ്ടി ഇങ്ങനെയൊരു നിയമം പാസ്സാക്കരുതെന്ന അഭിപ്രായം ഒന്നുകൂടി ആവർത്തിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഇതു് അജൻഡായിലെ കണ്ടപ്പോൾ എനിക്കൊരു ഭയമാണുണ്ടായതു്. അടുത്ത കാലത്തു് എല്ലാ രോഗങ്ങൾക്കും ഒറ്റമൂലിയായി ഒരു ഭസ്മം മാത്രം ഉപയോഗിച്ചു് സുഖക്കേടുകൾ ഭേദമാക്കുന്ന ഒരു സന്യാസി വടക്കുനിന്നു് തിരുവനന്തപുരത്തു വന്നതായി അറിയാം. ഈ ബിൽ ഇവിടെ പാസ്സാക്കാൻ കൊണ്ടുവന്നിരിക്കുന്നതു കണ്ടപ്പോൾ ഭസ്മംകൊണ്ട് എല്ലാ രോഗങ്ങളും അടക്കുന്ന സർവ്വരോഗങ്ങളുടെയും അന്തകനായ ആ സന്യാസിയിൽ നമ്മുടെ ആരോഗ്യവകുപ്പിൻറെ ചുമതല ഏല്പിക്കുന്ന ബിൽ വരുമോ എന്നാണ് ഭയം. ഭൂദാന പ്രസ്ഥാനത്തിന്റെ പേരിൽ ഇവിടത്തെ ഭൂപ്രശ്നങ്ങളും എല്ലാം പരിഹരിക്കപ്പെടുമെന്നു വിശ്വസിക്കുന്നതായി തോന്നുന്നു. നമ്മുടെ മന്ത്രിമാരുടെ ആദ്ധ്യാത്മികമായ ഈ പുറപ്പാട് ഇവിടെവച്ചു തന്നെ തടയണമെന്നാണ് എൻറെ അഭിപ്രായം. ഈ നിയമം കൊണ്ടുവന്നു് ഇതു മന്ത്രിയേപ്പറ്റി പറയുന്നതുള്ളതു് ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ടിയുള്ള ഒരു സ്ഥലമല്ല, ഭൗതികകാര്യങ്ങളും ചർച്ച ചെയ്യാനുള്ള ഒരു സ്ഥലമാണിതെന്നാണ്. ഏതെങ്കിലും ഒരു വ്യക്തിയിൽ വിശ്വാസം അർപ്പിച്ചുകൊണ്ട്, അദ്ദേഹം വളരെ ഉന്നതനാണ്, നല്ല കാര്യങ്ങൾ ചെയ്യും എന്നെല്ലാം വിശ്വസിച്ചുകൊണ്ട്, ഈ നിയമസഭ അമിതമായ അധികാരം ആ ആളിനു കൊടുക്കുക എന്നുള്ളതു് ഏറ്റവും അപഹാസ്യമായ ഒരു കാര്യമാണ്.

ഭൂമിയെ സംബന്ധിച്ചിടത്തോളം കർഷകർക്ക് പ്രയോജനമുണ്ടാകത്തക്ക വിധത്തിൽ എന്തെങ്കിലും ചെയ്യാൻ ഈ ബില്ലുകൊണ്ടു സാധ്യമല്ല. ഈ പ്രസ്ഥാനത്തിൻറെ വിജയത്തിനായി ചിലർ ദാനം ചെയ്തിട്ടുള്ള ഭൂമിയാണെങ്കിൽ, വെറും സർപ്പക്കാവുകളും, ഒരിക്കലും ഒഴിഞ്ഞു കിടക്കാത്ത കുടിക്കിടപ്പുഭൂമികളും, പാറപ്പുറങ്ങളും മാത്രമാണ്. എങ്ങനെയുള്ള ഭൂമിയായാലും, അതെല്ലാം ഒരുപോലെ, അദ്ദേഹം എത്ര ഉന്നതനായാലും ശരി—വിശ്വസിച്ചു് ഏല്പിക്കുക എന്നു പറഞ്ഞാൽ അതു് ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം അന്തസ്സാരവിഹീനമായ ഒരു നടപടിയായിരിക്കും. ഈ നടപടിയെ യാതൊരുവിധത്തിലും എതിർക്കാതിരിക്കാൻ നിവൃത്തിയില്ല.

മറ്റൊരു കാര്യം പറയുകയാണെങ്കിൽ, ഈ ബിൽ പാസ്സാക്കുന്നതു് നമ്മുടെ കർഷകരോടു ചെയ്യുന്ന ഏറ്റവും വലിയ ഒരനീതിയും വഞ്ചനയും ആയിരിക്കും. നമ്മുടെ സംസ്ഥാനത്തു് ഭൂപ്രശ്നത്തിനു പരിഹാരമുണ്ടാക്കണമെന്നു് കോൺഗ്രസ്സ് പാർട്ടിയും, മറ്റെല്ലാ പാർട്ടികളും പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനു വഴിയെന്താണ്? ഒന്നോ, രണ്ടോ സന്യാസിമാർ ഭൂദാനയജ്ഞം എന്ന ഒരു വിഡ്ഢിത്തരം പറഞ്ഞതുകൊണ്ട് അതിനു പരിഹാരം ഉണ്ടാകാൻ പോകുന്നില്ല. ജന്മിതപം അവസാനിപ്പിച്ച് കർഷകർക്ക് ഭൂമി കിട്ടത്തക്കവണ്ണമുള്ള ഒരു നിയമനിർമ്മാണമാണ് ഇന്നു നമുക്കാവശ്യം. അങ്ങനെയൊരു നിയമനിർമ്മാണം സംസ്ഥാനഅസംബ്ലികളിലും, പാർലമെൻറിലും പാസ്സാക്കിയാൽ മാത്രമെ ഭൂപ്രശ്നത്തിനു സ്ഥായിയായ ഒരു പരിഹാരം ഉണ്ടാവാൻ പോകുന്നുള്ളൂ. ഭൂദാനയജ്ഞപ്രസ്ഥാനം, കർഷകത്തൊഴിലാളികളെയും കർഷകരെയും വ്യാമോഹിപ്പിക്കുന്ന, കബളിപ്പിക്കുന്ന ഒന്നാണ്. ഭൂദാനയജ്ഞത്തിൻറെ പേരിൽ ചുമ്മാതെ പാട്ടംപാടി, ചിലർ ദാനംചെയ്യുന്ന സർപ്പക്കാവുകളും, പാറപ്പുറങ്ങളും ഏഴുതിവാങ്ങിച്ചുകൊണ്ട് ഈ മാറുമൂലി പ്രയോഗിക്കുന്നതു കർഷകരോടു ചെയ്യുന്ന ഒരു വഞ്ചനയാണ്. ഭിക്ഷക്കാരുടെ ചട്ടിയിൽ ഒരു ചില്ലിക്കാശുപോലും ഇട്ടുകൊടുക്കാത്ത ആളുകൾ ഇന്നു് സർപ്പക്കാവും മറ്റും ദാനംചെയ്യാൻ തയ്യാറാകുന്നതുകൊണ്ട് ഭൂപ്രശ്നത്തിനു് പരിഹാരം ഉണ്ടാകുകയില്ല. ഭൂദാനയജ്ഞപ്രസ്ഥാനത്തിനു് കുറഞ്ഞ തോതിലെങ്കിലും ജന്മികൾ ഇന്നു് ഉപയോഗശൂന്യമായ ഭൂമികൾ ദാനം ചെയ്യുന്നതു്, കർഷകർക്കു ഭൂമി ലഭിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണ പ്രവർത്തനത്തെ തണുപ്പിക്കാനാണ്. അതിനുവേണ്ടിത്തന്നെയാണ് ഈ നിയമം ഉണ്ടാക്കുന്നതും. നിയമം ഉണ്ടാക്കുന്നതു് കർഷകരെ സഹായിക്കുന്നതിനു വേണ്ടിയായിരിക്കണം. ഒരു സന്യാസിവര്യനുവേണ്ടി ഉണ്ടാക്കുന്ന ഈ ബിൽ നമുക്കാവശ്യമില്ല. അതുകൊണ്ട് ഈ സഭയിലുള്ള എല്ലാ മെമ്പറന്മാരും ഈ ബില്ലിനെ എതിർക്കേണ്ടതാണ്. ഭൂദാനയജ്ഞത്തിൻറെ പേരിൽ ഭൂമി ഒരു യോഗീശ്വരനെ ഏല്പിച്ച് ഭാവിഭാരതം നടത്താൻ അധികാരപ്പെടുത്തുന്ന ഈ ബിൽ പാസാക്കരുതെന്നു് ഞാൻ അപേക്ഷിക്കുന്നു

ശ്രീ. എൻ. ജി. ചാക്കോ: സർ, ഭൂദാനയജ്ഞപ്രസ്ഥാനപ്രവർത്തകൻ എന്ന നിലയിൽ ഈ ബില്ലിനെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണ്. എതിർപക്ഷത്തുള്ള ചില മെമ്പറന്മാർ ഇവിടെ പറയുകയുണ്ടായി, ഈ പ്രസ്ഥാനം, ചില രാഷ്ട്രീയപാർട്ടികളുടെ പ്രത്യേക മുതലെടുപ്പു പ്രസ്ഥാനമാണെന്നു്. ആ അഭിപ്രായത്തെ അതർഹിക്കുന്ന അവജ്ഞയോടുകൂടി മാത്രമേ എനിക്കു വീക്ഷിക്കുവാൻ നിവൃത്തിയുള്ളൂ. ഭൂദാനയജ്ഞപ്രസ്ഥാനം, രാഷ്ട്രീയമുതലെടുപ്പുകൾക്കു വേണ്ടിയുള്ള ഒരു പ്രസ്ഥാനമല്ലെന്നു വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ പ്രസ്ഥാനത്തിൽ ഒരു രാഷ്ട്രീയപാർട്ടിയിലുള്ളവർ മാത്രമെ പ്രവർത്തിക്കുന്നുള്ളൂ എന്നു പറയാൻ സാധിക്കുകയില്ല. കോൺഗ്രസ്സ് പാർട്ടിയിലും, പി. എസ്സ്. പി. യിലും ഉള്ളവർ ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഒരു പ്രത്യേക പാർട്ടിയുടെ രാഷ്ട്രീയമുതലെടുപ്പിനു വേണ്ടിയുള്ള ഒരു പ്രസ്ഥാനമാണിതെന്നുള്ള എതിർപക്ഷപാർട്ടിയിലെ മെമ്പറന്മാരുടെ അഭിപ്രായത്തെ ഞാൻ വളരെ വളരെ ശക്തിയായി എതിർക്കുകയാണ്. ഈ പ്രസ്ഥാനം നമ്മുടെ രാജ്യത്തു് വിജയിക്കാൻ പോകുന്നില്ലെന്നും എതിർപക്ഷത്തുള്ള ചില സ്നേഹിതന്മാർ ഇവിടെ പറയുന്നതു കേട്ടു. സർ, യാഥാർത്ഥ്യങ്ങളുടെനേരെ കണ്ണടച്ചുകൊണ്ട് എന്തും പറയുന്നതിനു് ഇവർ മടിക്കുന്നില്ല. യഥാർത്ഥമല്ലാത്ത കാര്യങ്ങൾ പറയുന്നതിനും ഒരതിരുവേണം, ഒരു മര്യാദ വേണം. ഈ പ്രസ്ഥാനം ദൈനംദിനം പുരോഗതി പ്രാപിച്ചുകൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ജി. ചാക്കോ]

ക്കുകയാണ്, വിജയിച്ചുകൊണ്ടിരിക്കുകയാണ് എന്ന വസ്തുത കണ്ണുള്ളവർക്ക് കാണാൻ കഴിയും. ഈ പ്രസ്ഥാനം ഒരു രാഷ്ട്രീയമുതലെടുപ്പു പ്രസ്ഥാനമാണെന്നും, ഈ സംസ്ഥാനത്തു് ഇതു് വിജയിക്കാൻ പോകുന്നില്ലെന്നും ഇവിടെ പറയുകയുണ്ടായി. ഞാൻ പറയുന്നു, വളരെ ഉത്തമവിശ്വാസത്തോടുകൂടി പറയുന്നു, ഇതു് ഈ സംസ്ഥാനത്തും വിജയിക്കാൻപോകുകയാണ് എന്നു്. നമ്മുടെ സംസ്ഥാനത്തു് ഇതുവരെ ഇരുപത്തെണ്ണായിരം ഏക്കർ ഭൂമി ലഭിച്ചിട്ടുണ്ടു്. ഇൻഡ്യയിലൊട്ടാകെ നാല്പതുലക്ഷം ഏക്കർ ഭൂമിയാണു് ലഭിച്ചിട്ടുള്ളതു്. നാനൂറു ഗ്രാമങ്ങളും ഈ പ്രസ്ഥാനത്തിനു ലഭിച്ചിട്ടുണ്ടു്. പൊതുവെ ഈ പ്രസ്ഥാനത്തിനു ദൈനംദിനം പൊതുജനങ്ങളുടെ ഇടയിൽ അംഗീകാരവും, താൽപ്പര്യവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. സർ, ഇങ്ങനെ ബഹുജനങ്ങളും ഈ പ്രസ്ഥാനത്തെ ഉൾക്കൊണ്ടു സ്വീകരിക്കുന്നതു കാണുമ്പോൾ എന്റെ സ്നേഹിതന്മാർക്കു് തലവേദനയുണ്ടാകുന്നതിൽ അത്ഭുതമില്ല. സർ, ഈ രാജ്യത്തെ ഭൂപ്രശ്നങ്ങൾക്കു് പരിഹാരം കാണുന്നതിനുവേണ്ടി, എല്ലാ പാർട്ടികളിലെ അംഗങ്ങളും താൽപ്പര്യം കാണിക്കുന്നുണ്ടു്. ഏറ്റവും വിഷമമായ ഭൂപ്രശ്നത്തിനു് ഭാഗികമായി ഒരു പരിഹാരം ഉണ്ടാക്കുന്നതിനു് സഹായകമായ ഈ ഭൂദാനയജ്ഞപ്രസ്ഥാനം വിജയിക്കുന്നതു കാണുമ്പോൾ, പ്രതിപക്ഷത്തുള്ള ചില സ്നേഹിതന്മാർ, ചുവപ്പുകണ്ട കാളയെപ്പോലെ വിരളുന്നതു് സ്വാഭാവികം മാത്രമാണു്. ഭൂദാനയജ്ഞപ്രസ്ഥാനം വിജയിക്കുകയാണെങ്കിൽ, ഭൂപ്രശ്നത്തിനു പരിഹാരം ഉണ്ടാകുകയും, ഇവരുടെ ചില രാഷ്ട്രീയ മുതലെടുപ്പുകൾക്കു് സൗകര്യം ഇല്ലാതാകുകയും ചെയ്യുമെന്നുള്ളതുകൊണ്ടാണു് ഇവർ ഭൂദാനയജ്ഞപ്രസ്ഥാനത്തെ രാഷ്ട്രീയ മുതലെടുപ്പുപ്രസ്ഥാനമായി ചിത്രീകരിക്കുന്നതു്. ഈയവസരത്തിൽ എനിക്കു് ബഹുമാനപ്പെട്ട ഇടതുപക്ഷമെമ്പറന്മാരോടു പറയാനുള്ളതു് നിർദ്ദോഷമായ ഈ പ്രസ്ഥാനത്തെ എതിർക്കുന്നതുകൊണ്ടു് നിങ്ങൾക്കു യാതൊരു വിശേഷവും ഉണ്ടാകാൻപോകുന്നില്ലെന്നാണു്. ദാനമെല്ലാം കടലാസിലാണെന്നു് ഇവിടെ ചിലർ പറയുകയുണ്ടായി. വാസ്തവത്തിൽ ഭൂദാനങ്ങളെല്ലാം കടലാസുമുഖേനയാണു് നടത്തുന്നതു്. നമ്മുടെ സംസ്ഥാനത്തുതന്നെ ഒരു ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കടമ്പനാട്ടു വച്ചു നടത്തിയ ഒരു യോഗത്തിൽ ദാനമായി ലഭിച്ച ഭൂമി വിതരണം ചെയ്തതായി ഞാൻ കേട്ടറിയാം. അതു ശരിയല്ലെങ്കിൽ അദ്ദേഹംതന്നെ തിരുത്തുമെന്നു വിശ്വസിക്കുന്നു. ഞാൻ ഈ ബില്ലിനെ ശക്തിയായി അനുകൂലിക്കുകയും ഇതു പാസാക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുകയാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ബാംബെ ഗവർണർ, ഈ ഭൂദാനയജ്ഞപ്രസ്ഥാനം ഒരു വിഡ്ഢിത്തരമാണെന്നു് അഭിപ്രായപ്പെട്ടിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ജി. ചാക്കോ: ബഹുമാനപ്പെട്ട മെമ്പറെപ്പോലെ പലരും അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: തിരുവിതാംകൂർ-കൊച്ചിയിൽ ഇതുവരെ ഭൂമി ദാനം ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ജ. ചാക്കോ : സൂക്ഷ്മമായി പറയാൻ നോട്ടീസ് വേണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പത്തുപേരെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. ജി. ചാക്കോ : ഉണ്ട്.

ശ്രീ. ടി. എ. മജീദ് : ഡാക്ടർ പി. ജെ. തോമസ്സ് ദാനംചെയ്തിട്ടുള്ള സ്ഥലം മറ്റൊരാളുടെ വകയാണെന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എൻ. ജി. ചാക്കോ : അതു് അദ്ദേഹത്തോടു ചോദിക്കണം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, ഞാൻ ഭൂദാനയജ്ഞബില്ലിനെ അനുകൂലിക്കുന്നു. ആചാര്യ വിനോബാഭാവേയുടെ ഈ പ്രസ്ഥാനത്തിനു സർവാത്മനാ അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്ന ഈ യവസരത്തിൽ ഇടതുപക്ഷ അംഗങ്ങളായ മി. ഡി. വിവേകാനന്ദനും, മി. തോപ്പിൽ ഭാസ്കരൻപിള്ളയും ഈ പ്രസ്ഥാനത്തെ അഭാസമായ രീതിയിൽ വ്യാഖ്യാനിക്കുന്നതു കേട്ടു. അതുപോലെതന്നെ ആചാര്യ വിനോബാജിയെ വ്യക്തിപരമായി, പരിഹാസ്യമായി ചിത്രീകരിക്കുന്നതിൽ പ്രത്യേകം ഒരു താൽപ്പര്യം പ്രദർശിപ്പിക്കുന്നതായും കണ്ടു. വളർച്ച പ്രാപിച്ചുവരുന്ന ഈ പ്രസ്ഥാനത്തെ ലോകമൊട്ടുക്കു് ഉറ്റുനോക്കിക്കൊണ്ടിരിക്കുമ്പോൾ, എന്റെ ബഹുമാന്യസ്നേഹിതന്മാർ അതിനെ പുച്ഛിച്ചുതള്ളുന്നതിൽ വളരെ ഖേദിക്കുന്നു. സർ, ഇവരുടെ പഴയ പാരമ്പര്യം പുലർത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു പ്രവണതയാണു് ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്. ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയ മഹാത്മാഗാന്ധിയെപ്പോലും ഇവർ പുച്ഛഭാവത്തിലാണു് വീക്ഷിച്ചിരുന്നതെന്നുള്ള വസ്തുത നമുക്കറിയാം. വിനോബാജിയുടെ ഈ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്തും ഇൻഡ്യയൊട്ടുക്കും വിജയിക്കാൻ പോകുകയാണെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. ഇതിനകം ഇൻഡ്യയിൽ ഒട്ടുകെ 40 ലക്ഷത്തിൽ ചില്വാനം ഏക്കർ ഭൂമി ദാനമായി ലഭിച്ചിട്ടുള്ളതായി അറിയുന്നു. സർ, എത്ര അത്ഭുതകരമായ ഒരു കാര്യമാണിതെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാകുന്നതാണു്. ഇതുവരെ ഒരു പ്രസ്ഥാനത്തിനും ഇത്ര വിജയകരമായി പുരോഗമിക്കാൻ സാധിച്ചിട്ടില്ല. ഈ ബില്ലിന്റെ അവതരണവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, ഇൻഡ്യയിൽ പല സ്റ്റേറ്റുകളിലും ഭൂദാനയജ്ഞപ്രസ്ഥാനംകൊണ്ടു് ലഭിച്ചിട്ടുള്ള ഭൂമി വിതരണം ചെയ്യുന്നതിനു് സ്റ്റേറ്റ് ഗവണ്മെന്റുകൾ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞിരിക്കുന്നുവെന്നു്. ഇങ്ങനെയൊരു നിയമനിർമ്മാണം ആവശ്യമാണെന്നു കണ്ടു് ഒരു ബിൽ പി. എസ്സ്. പി. ഗവണ്മെന്റ് ഇവിടെ അവതരിപ്പിക്കുമെന്നു വിചാരിച്ചതാണു്. പക്ഷെ, അതു പാസ്സാക്കിയെടുക്കുന്നതിനുള്ള അവസരം ലഭിച്ചില്ല. കർഷകർക്കും പാവപ്പെട്ടവർക്കുംവേണ്ടി പ്രവർത്തിക്കുന്നുവെന്നഭിമാനിക്കുന്ന എന്റെ ചില കമ്മ്യൂണിസ്റ്റ് സ്നേഹിതന്മാർ ഈ പ്രസ്ഥാനത്തെ പരിഹാസ്യമായ രീതിയിൽ വിമർശിക്കുന്നതു ഖേദകരമാണെന്നു പറയാതെ വയ്യ. നമ്മുടെ സ്റ്റേറ്റിൽ, ഭൂദാനപ്രസ്ഥാനത്തിനു ലഭിച്ചിട്ടുള്ള ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുന്നതിനു് ഇതുവരെ സാധിച്ചിട്ടില്ലെന്നുള്ളതു് ലജ്ജാകരമായ ഒരു സംഗതിയാണെന്നു പറയേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. ബാലകൃഷ്ണൻ]

ണ്ടിയിരിക്കുന്നു. ഈ അവസരത്തിലെങ്കിലും ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചതിൽ ഞാൻ സന്തോഷിക്കുകയാണു് ചെയ്യുന്നതു്. എന്റെ സ്നേഹിതൻ ഇവിടെ പറയുകയുണ്ടായി, ഒരു രാഷ്ട്രീയപാർട്ടിയുടെ മുതലെടുപ്പിനുവേണ്ടി ആരംഭിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണിതെന്നു്. ഈ പ്രസ്ഥാനത്തിന്റെ ജനയിതാവായ ശ്രീ. വിനോബാജിതന്നെ പറഞ്ഞിട്ടുണ്ടു്, യാതൊരു കക്ഷിതാൽപ്പര്യങ്ങളുമില്ലാതെ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണിതെന്നു്. കമ്മ്യൂണിസ്റ്റുകാരായാലും, സോഷ്യലിസ്റ്റുകാരായാലും എതുകക്ഷിയിൽപ്പെട്ടവരായാലും ഈ പ്രസ്ഥാനത്തെ ഹൃദയശുദ്ധമായി സഹായിക്കണമെന്നുള്ളവർക്കു്, ആത്മാർത്ഥമായി ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കണമെന്നുള്ളവർക്കു്, അതിൽ പങ്കെടുക്കാവുന്നതാണു്. ഈ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരെല്ലാംതന്നെ കക്ഷിരഹിതരായി ഇൻഡ്യയൊട്ടുക്കു പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണു്, പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. കാൺഗ്രസ്സിനോ പി. എസ്സു്. പി.—ക്കോ വേണ്ടി മാത്രം സമാരംഭിച്ചിട്ടുള്ള ഒരു പ്രസ്ഥാനമല്ലിതു്.

നമ്മുടെ സംസ്ഥാനത്തു് ഭൂമിയില്ലാത്ത കർഷകർ വളരെ അധികം ഉണ്ടു്. അവർക്കു് ഇതുമൂലം എന്തെങ്കിലും നേട്ടം ഉണ്ടാകുകയാണെങ്കിൽ എന്റെ സ്നേഹിതന്മാർ അതിനെ മുക്തകണ്ഠം വാഴ്ത്തേണ്ടതല്ലേ? എനിക്കു പറയുവാനുള്ളതു് ഈ പ്രസ്ഥാനം വിജയിപ്പിക്കാൻ, കക്ഷിഭേദമെന്യേ സഹകരിച്ചു് എല്ലാവരും പ്രവർത്തിക്കണമെന്ന മാത്രമാണു്. ഇങ്ങനെ ഒരു ബിൽ അവതരിപ്പിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തിക്കൊണ്ടു് ഈ ബിൽ കഴിയുന്നതും വേഗം പാസ്സാക്കുന്നതിനുവേണ്ടി എല്ലാ ബഹുമാന്യസ്നേഹിതന്മാരും അനുകൂലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണു്. ഈ പ്രസ്ഥാനം ഇവിടെ ആരംഭിച്ചകാലം മുതൽ അതിന്റെ ഒരു വിനീത പ്രവർത്തകനെന്ന നലയിൽ എനിക്കു നേരിട്ടു് അറിയാൻ കഴിഞ്ഞിട്ടുള്ള അനുഭവങ്ങളെ അടിസ്ഥാനമാക്കി നോക്കുമ്പോൾ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തോപ്പിൽ ഭാസി പറഞ്ഞതുപോലെ ഈ പ്രസ്ഥാനം ഒരു പരാജയമാണെന്നു ഞാൻ വിചാരിക്കുന്നില്ല. നേരെമറിച്ചു് ഇതിന്റെ പ്രവർത്തകന്മാർ ഇതിനകം കിട്ടുമെന്നു് ഉദ്ദേശിച്ചിട്ടുള്ള ടാർജറ്റിൽനിന്നും വളരെ അധികം ഭൂമി അവർക്കു് ലഭിച്ചിട്ടുണ്ടു് എന്നു് കാണാൻ കഴിയും. ഈ കാലത്തിനകം മുപ്പത്തി അഞ്ചു് ലക്ഷം ഏക്കർ സ്ഥലമാണു് അഖിലേൻഡ്യാടിസ്ഥാനത്തിൽ ഇതിലേയ്ക്കു ദാനം കിട്ടുമെന്നു് പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അതു് നാൽപ്പതുലക്ഷത്തിൽപ്പരം ഏക്കറായിട്ടുണ്ടു്. കേരളത്തെ സംബന്ധിച്ചാണെങ്കിൽ 25000 ഏക്കർ മാത്രമേ പ്രതീക്ഷിച്ചിരുന്നുവെങ്കിലും 28000 ത്തോളം ഏക്കർ ലഭിച്ചിട്ടുണ്ടു്. നെടുമങ്ങാടു താലൂക്കിലുള്ള പ്രവർത്തനത്തിനായി പോയിട്ടുള്ളവരിലൊരാളാണു ഞാൻ. ജന്മിമാർ മാത്രമല്ല, പണക്കാർ മാത്രമല്ല, സാധുക്കൾപോലും കൂടി ഈ പ്രസ്ഥാനത്തിലേയ്ക്കു് ഭൂമി ദാനം ചെയ്യുന്നുണ്ടെന്നു എനിക്കു് ധൈര്യമായി പറയാൻ കഴിയും. അവർ ഇങ്ങനെ ഭൂമി കൊടുക്കുന്നതു്, ഇവിടെ ഭൂദാനയജ്ഞ പ്രസ്ഥാനം തുടങ്ങിയിട്ടുണ്ടല്ലൊ, ഭൂമി കൊടുത്തില്ലെങ്കിൽ ഒരു സമരംതന്നെ ഇവിടെ തുടങ്ങു

LIBRARY ARCHIVES Kerala Legislative Assembly

യേയ്ക്കും, എന്ന ഭയപ്പെട്ടിട്ടില്ല, ഇതു ഒരു നല്ല പ്രസ്ഥാനമാണ്, അതു വിജയിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു സാധുക്കൾക്കു പാലും ഇതിലേയ്ക്കു ഭൂമി കൊടുക്കുന്നതു്. ആദ്ധ്യാത്മികമായ ഉദ്ദേശത്തോടുകൂടിയുള്ള ഒരു ബില്ലാണിതു്, അതുകൊണ്ടു ഇങ്ങനെയുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ടയാവശ്യമില്ല, എന്നിവിടെ പറയുന്നതു കേട്ടു. അതു ശരിയല്ല. ആദ്ധ്യാത്മിക്കപ്രേരണ ഇതിന്റെ പ്രവർത്തനത്തിനു വഴി തെളിക്കുമെങ്കിലും ഇതു തികച്ചും ഭൗതികമായ അഭിവൃദ്ധിയേക്കൂടി കണക്കാക്കിയാണു് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്. ഇവിടെ ഭൂമിദാനം ചെയ്തിട്ടുള്ളതു സപ്തസ്ത്തിലേയ്ക്കു കൊണ്ടുപോകാനല്ല. നേരെമറിച്ചു്, ഭൂമി ഉള്ളവരിൽ നിന്നു, അവർ തരുന്ന ഭൂമി വാങ്ങി, ഭൂമി ഇല്ലാത്തവർക്കു് കൊടുക്കുക എന്നുള്ളതാണുദ്ദേശം. ആ ഉദ്ദേശം തികച്ചും വിജയിച്ചു വരുന്നുമുണ്ടു്. അതുകൊണ്ടു ഈ ബിൽ അവതരിപ്പിച്ചതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുന്നു.

ഇവിടെ ചിലർ പറയുകയുണ്ടായി, കോൺഗ്രസ്സുകാരും പി. എസ്സ്. പി. ക്കാരും മാത്രമെ ഈ ബില്ലിനെ അനുകൂലിക്കുന്നുള്ളു എന്നു്. അതു ശരിയല്ല. എല്ലാ കക്ഷികളിലും പെട്ടവർ ഈ പ്രസ്ഥാനത്തെ അനുകൂലിക്കുന്നുണ്ടു്. യാതൊരു രാഷ്ട്രീയാഭിപ്രായം ഇല്ലാത്തവരും ഇതിൽ പങ്കു കൊള്ളുന്നുണ്ടു്. ഈ പ്രസ്ഥാനത്തിനകത്തു യാതൊരു രാഷ്ട്രീയ പരിഗണനയുമില്ല. സർവ്വോദയ പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നവരെല്ലാവരും ഈ പ്രസ്ഥാനത്തെ അനുകൂലിക്കുന്നവരാണു. അതുകൊണ്ടു കഴിയുന്നതും വേഗം ഈ ബിൽ നിയമമാക്കിത്തീർക്കുമെന്നു ഞാനപേക്ഷിക്കുന്നു.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഭൂമി ദാനമായി വാങ്ങിച്ചു വിതരണം ചെയ്യുന്നതുകൊണ്ടുമാത്രം നമ്മുടെ രാജ്യത്തിന്റെ ഭൂ പ്രശ്നം പരിഹരിക്കാമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : അതുകൊണ്ടുമാത്രം ഭൂ പ്രശ്നത്തിനു പരിഹാരം ഉണ്ടാകുമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഭൂ പ്രശ്നപരിഹാരത്തിനു് അതു വഴി തെളിക്കുമെന്നുള്ളതിനു സംശയമില്ല. എല്ലാവരുടേയും വകയാണു ഭൂമി എന്നു ആളുകൾ ചിന്തിക്കുവാൻ തുടങ്ങും. അതു ഭൂ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുവാൻ സഹായകമായി തീരും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എന്റെ ചോദ്യം അതല്ല. നിയമനിർമ്മാണം വഴിയല്ലാതെ ഭൂമി ദാനമായി വാങ്ങിച്ചു നമ്മുടെ രാജ്യത്തെ ഭൂ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നുണ്ടോ?

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : നിയമനിർമ്മാണം കൊണ്ടേ ഭൂ പ്രശ്നത്തിനു സമൂലമായ പരിഹാരം ഉണ്ടാക്കുകയുള്ളൂ. പക്ഷെ, നിയമനിർമ്മാണം നടത്തേണ്ടതു് നിയമസഭകളാണു്. അതിനു അനുകൂലമായ പൊതുജനാഭിപ്രായം ഉണ്ടായാൽ മാത്രമെ നിയമനിർമ്മാണത്തിനുതന്നെ എളുപ്പമുള്ളൂ. അങ്ങനെ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനു ഈ പ്രസ്ഥാനം വഴി തെളിക്കും.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിനെ ചിലർ പ്രതികൂലിച്ചുകൊണ്ടു രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ശിവരാമപ്പണിക്കർ]

മായ നിലവാരത്തിൽ വിമർശനം നടത്തുകയുണ്ടായി. ഇതു ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ പ്രസ്ഥാനം തന്നെ ആരെങ്കിലും പറയുമെന്നു തോന്നുന്നില്ല. ഈ പ്രസ്ഥാനം വളരെ വിജയിച്ചിട്ടുണ്ടെന്നു പല മെംബറന്മാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പ്രസ്ഥാനം വിജയിച്ചിട്ടുണ്ടോ, ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു ഇവിടെ ചർച്ച ചെയ്യേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. പക്ഷേ, ആ ഒരു സംഗതി ചർച്ചയ്ക്കു വന്നതുകൊണ്ടു് അതിനെപ്പറ്റി ആലോചിക്കുന്നതിൽ അപാകമില്ല. അതു വിജയിക്കുന്ന ഒരു പ്രസ്ഥാനമായി രൂപാന്തരപ്പെട്ടിട്ടുണ്ടു്. ഈമാതിരിയുള്ള ഒരു പ്രസ്ഥാനം വിജയിക്കുന്നതിനു കൂടുതൽ കൂടുതൽ പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ രാജ്യത്തിനു അതൊരു വലിയ അനുഗ്രഹമായിരിക്കുമെന്നുള്ളതു് തീർച്ചയാണു്.

ഈ പ്രസ്ഥാനം വിജയിക്കുന്നതുകൊണ്ടോ, വളരുന്നതുകൊണ്ടോ നിയമനിർമ്മാണം മൂലം ഈ നാട്ടിൽ ഉണ്ടാക്കാവുന്ന കാർഷിക പ്രശ്നത്തെയാതൊരു തരത്തിലും തടസ്സപ്പെടുത്തുന്നില്ല. ഒരു നിയമനിർമ്മാണംകൊണ്ടു മാത്രമെ ഇവിടത്തെ ഭൂ പ്രശ്നം ശരിയായി പരിഹരിക്കപ്പെടുകയുള്ളു എന്നു വന്നാൽതന്നെയും ഇവിടെ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ ബിൽ അങ്ങനെയുള്ള ഒരു നിയമ നിർമ്മാണത്തിനു വല്ല തടസ്സവും ഉണ്ടാക്കുന്നുണ്ടോ? ഇന്നു കിട്ടിയിട്ടുള്ള ഭൂമി കിട്ടിയതായി അംഗീകരിക്കുകയും അതു വിതരണം ചെയ്യുകയും ചെയ്യുന്നതിനു വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണു് ഇതു്. അതിലേയ്ക്കു് ഒരു നിയമമുണ്ടാക്കുന്നതുകൊണ്ടു മറ്റു നിയമനിർമ്മാണങ്ങൾക്കു് ഏതെങ്കിലും വിധത്തിലുള്ള തടസ്സമുണ്ടാകുമോ എന്നു സംശയമാണു്. ഇതു് ആ വഴിക്കുള്ള യാതൊരുവിധമായ സമരവീര്യത്തേയും തടുക്കാൻപോകുന്നില്ല. ഈ മാതിരിയുള്ള പ്രസ്ഥാനങ്ങൾകൊണ്ടു് ഇവിടത്തെ ഭൂ പ്രശ്നത്തിനു യഥാർത്ഥ പരിഹാരം ഉണ്ടാക്കുവാൻ ഇന്നു ജനങ്ങൾക്കുള്ള സമരവീര്യത്തെ നശിപ്പിച്ചേക്കുമെന്നു ചിലർ ഭയപ്പെടുന്നതുപോലെ കണ്ടു. ഈ പ്രസ്ഥാനത്തിന്റെ പിന്നിൽ സമരത്തിന്റെ ആഹ്വാനമല്ലേ ഉള്ളതെന്നും ശക്തിയായ ഒരു അനുകൂലാഭിപ്രായം സൃഷ്ടിച്ചു സംഘടിതമായ ഒരു സമരം മുമ്പോട്ടു കൊണ്ടുപോകുവാൻ ഈ പ്രസ്ഥാനം വഴി തെളിക്കുകയല്ലേ ചെയ്യുന്നതെന്നും ഞാൻ ചോദിക്കുന്നു. ഒരു പാർട്ടി അധികാരത്തിൽ വരുമ്പോൾ മറ്റൊരു പാർട്ടി അധികാരത്തിലിരിക്കുന്ന പാർട്ടിയോടു മത്സരിക്കുന്നതായി നാം കാണുന്നില്ലേ? ഈ മത്സരത്തിൽ യഥാർത്ഥമായ പൊതുജനക്ഷേമത്തെ സഹായിക്കുന്നതിനു ഉതകുമെന്നുള്ളതിനു സംശയമില്ല. ആ നിലയ്ക്കു സമരവീര്യത്തെ ഈ നിയമം യാതൊരു തരത്തിലും നശിപ്പിക്കുന്നില്ലെന്നു കാണാം. ദാനമായി കിട്ടിയ ഭൂമിയെ വീതിച്ചുകൊടുക്കുന്നതിനു സംഘടിതമായ പ്രയത്നം നൽകുന്നതിനായി കൊണ്ടുവന്നിട്ടുള്ള ഈ നിയമനിർമ്മാണത്തെ ചോദ്യം ചെയ്യേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. സ്വമനസ്സാലെ തന്നിട്ടുള്ള ഭൂമി വീതിച്ചു കൊടുക്കുന്നതുകൊണ്ടു് ആർക്കെങ്കിലും ഉപകാരമുണ്ടാകുന്നെങ്കിൽ ഉണ്ടായികൊള്ളട്ടെയെന്നു വിചാരിക്കുന്നതിൽ എന്താണു തെറ്റു്? മറ്റുള്ളവർക്കു് മറ്റു തരത്തിലുള്ള ലെജിസ്ലേഷൻ കൊണ്ടു ഭൂമി കിട്ടുകയാണെങ്കിൽ അതിലാർക്കും ആക്ഷേപമില്ല. ഇപ്പോൾ കിട്ടിയിട്ടുള്ള ഭൂമി മറ്റൊരാളിനു വീതിച്ചുകൊടുക്കുന്നതിനാവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുന്നതിനെ തടസ്സപ്പെടുത്തുന്നതു് എന്തിനാണു്?

LIBRARY ARCHIVES Kerala Legislative Assembly

കുറെ ഭൂമി ഈ പ്രസ്ഥാനം മുഖേന കിട്ടാനുള്ള സാദ്ധ്യതയുണ്ട്. അതുനെ. ഭൂമി കിട്ടി കഴിയുമ്പോൾ കുറെയാളുകൾക്കെങ്കിലും അതു കൊണ്ടു ജീവിക്കാൻ കഴിയും. ഈ ഒരു പരിതഃസ്ഥിതിയിൽ ഈ ബില്ലിനെ എതിർക്കേണ്ടെയാവശ്യമില്ല. അതിനാ എല്ലാവരും ഈ ബില്ലിനെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നു. ഇതിനെ എതിർത്തു സംസാരിക്കുമ്പോൾ ഭൂദാനയജ്ഞം, ഈ നാട്ടിൽ ജയിച്ചോ, ഇല്ലയോ എന്നു ഞാൻ സംസാരിക്കുന്നില്ല. അതിനുള്ള കണക്ക് എന്റെ വശമില്ല. അതിലടങ്ങിയിരിക്കുന്ന ആശയത്തേയും, എതിർക്കണമെന്നു വിചാരിക്കുന്നില്ല. അതെല്ലാം അഭിപ്രായവ്യത്യാസമുള്ള സംഗതിയാണ്. ഒരുഭാഗത്തുനിന്ന്, ഭിക്ഷയാചിച്ചുസോഷ്യലിസം നടത്താമെന്നും മറുഭാഗത്തു സാധ്യമല്ലെന്നും വാദിക്കുന്നു. നമുക്കു ഇവിടെ ആളെ നോക്കേണ്ട കാര്യമില്ല. നമ്മൾ ഇവിടെ നിയമനിർമ്മാണം നടത്തുകയാണു്. ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു് ഈ ബില്ലു് ഇന്നു് ആവശ്യമില്ലാത്തതിനാലാണു്. ഇന്നു് ഈ നാട്ടിൽ ദാനത്തിനെ സംബന്ധിച്ചു് നിയമമുണ്ടു്. Contract Act–ൽ അതു് വ്യക്തമായിക്കൊടുത്തിട്ടുണ്ടു്. നിലവിലിരിക്കുന്ന നിയമമനുസരിച്ചു് ദാനം കിട്ടിയ വസ്തുക്കൾ കിട്ടിയ ആളിനു് എന്തും ചെയ്യുവാൻ അവകാശമുണ്ടു്. സർ, വിനോബാഭാവേയ്ക്കു് ഈ വസ്തുക്കൾ തുക്കു വേണമെങ്കിലും കൊടുക്കാം. കമ്മറിയെ അദ്ദേഹത്തിനു നിയമിക്കാം. അല്ലെങ്കിൽ ഗവണ്മെന്റിനു തന്നെ വിട്ടുകൊടുക്കാം. ഇതും തടസ്സപ്പെടുത്തുകയില്ല. കിട്ടിയിരിക്കുന്ന വസ്തുക്കൾ വച്ചു് ഒരു Trust എന്ന നിലയിൽ ഭരണം നടത്താനും, രൂപകൽപ്പന തിയുണ്ടാക്കി രജിസ്റ്റർ ചെയ്തു ഭരണം നടത്താനും അവകാശമുണ്ടു്. സർ, ഇങ്ങനെയുള്ള എല്ലാ കാര്യങ്ങൾക്കും ബിൽ അവതരിപ്പിക്കുവാൻ തുടങ്ങുകയാണെങ്കിൽ അതിനേ സമയം കാണുകയുള്ളൂ. വലിയ ഒരു നിധി പരിച്ചെടുത്ത കസ്തൂർബാ ഫണ്ടു് ഇന്നും ഒരു Trust എന്ന നിലയിൽ പ്രവർത്തിക്കുകയാണു്.

ഈ സ്ഥിതി ഇങ്ങനെയിരിക്കേ ഗവണ്മെൻറ് ആവശ്യമില്ലാത്ത ഒരു ബിൽ കൊണ്ടുവന്നതിലാണു് സംശയം. ദാനം കൊടുത്ത വസ്തുക്കളെപ്പറ്റി വളരെ പരാതികൾ ഉണ്ടു്. കുടിയിരുക്കുവാൻ നിവൃത്തിയില്ലാത്ത ജന്മി കുടിയിരുക്കുവാൻ വേണ്ടി വെറും പാട്ടമല്ലാതെ ഭൂമിയിൽ യാതൊരു അവകാശമില്ലാത്ത ഭൂമികൾ, അന്യന്റെ ഭൂമി ഇങ്ങനെ പല കൊള്ളരുതായ്മകളും ഈ ദാനത്തിൽ ഉണ്ടു് സാർ. ഇതെല്ലാം ശരിപ്പെടുത്തുകയും, വസ്തുക്കളെ സംബന്ധിച്ചു് ടയിറ്റിൽ നിശ്ചയിക്കുവാനുമുള്ള അവകാശം സിവിൽക്കോടതികൾക്കിരിക്കേ; മജിസ്ട്രേട്ടിനു് Summary Trial നു് അധികാരം കൊടുത്തു ടയിറ്റിൽ നഷ്ടപ്പെടുത്തുകയും, അതിനു ശേഷം ചുമതല പാവപ്പെട്ട വസ്തു ഉടമസ്ഥന്റെ മുകളിൽ വയ്ക്കുകയും ചെയ്യുന്നതു ശരിയല്ല. എന്റെ വസ്തു അന്യൻ ദാനം ചെയ്തിട്ടുണ്ടോ എന്നു താലൂക്കു കച്ചേരിയിലെ പരസ്യവും, ഗസറ്റും, ഞാൻ നോക്കാതിരിക്കുന്നതും പോലും! ഇങ്ങനെ ആവശ്യമില്ലാത്ത ഒരു നിയമമുണ്ടാക്കി പാവപ്പെട്ടവരെ ബുദ്ധിമുട്ടിക്കുന്നതിൽ നിന്നുതന്നെ പ്രസ്ഥാനത്തിന്റെ വളർച്ച എത്രയോ ബോദ്ധ്യപ്പെടുമല്ലോ.

അതുപോലെ കമ്മിറ്റിയിലെ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതു് വിനോബാഭാവെ ആണെന്നു പറയുന്നു. അദ്ദേഹം മരിച്ചുപോയാൽ കമ്മി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഠറിയും, ചെയർമാനും വേണ്ടേ? എതായാലും ഈ ബിൽ ആവശ്യമില്ല. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

SHRI A. THANU PILLAI: Sir, I wish to give my support to the Bill. I think there is a good deal of mis-conception on the basis for the objection to the Bill. Sir, it is my definite view that whatever progress India has to make should, as far as possible, be sought to be secured on the basis of popular will and understanding. I know that there is a strong view that radical political changes cannot be brought about by bringing about a change in the attitude of the people. There is force in that argument also. But my position is that even though we may not succeed fully in changing the popular attitude we must avail ourselves of every endeavour to bring about that mental change in the people's mind to effect a speedy realisation of the country's need today. You will all remember that Gandhiji spoke soon after his return to India from South Africa that he wanted to spiritualise politics in India. People pooh-poohed it at that time. I think at that time I was a student or at any rate a very young man. I too was then in the dark as to what Gandhiji meant by spiritualising politics. He alone had the vision to see what it meant. People opposed it. Distinguished people like Sir C. Sankaran Nair, I remember, pooh-poohed it. But, what is it that we see today? In spite of all the discouragements that may be levelled against Gandhiji's ideas and his line of action and work we know that his attempt to spiritualise politics in India in conformity with the line of thought that Indians have always pursued has succeeded. I would request my friends to the right of me to calmly ponder over it. Indeed Russia succeeded in a particular way. Other countries have succeeded. In India, we got freedom on the basis of that mighty attempt to spiritualise political field. We are now enjoying the fruits of that attempt. Who can deny that? If to-day Pandit Nehru is an international politician, Sir, excuse me when I say that it is because he tries to follow that background and spiritual force which revolutionised political thought and action. Now we are inheriting that heritage. How could we deny that there is truth or force in that line of thought and action? Afterall what is it that Vinoba Bhave is doing? He is a close follower of Gandhiji. I may belong to any party. I may belong to the Congress

LIBRARY ARCHIVES Kerala Legislative Assembly

or to the P. S. P. or any other party. What the great leader has given us, is the light that he has shed. Who can shut his eyes to that? Here we are and Vinoba Bhave the great disciple of Gandhiji wants us to persue the path opened to us by the great master. He has taken one line of thought, one line of action, one aspect of our existence. He wants to deal with one item of what we call property. He says the land belongs to all. For historic reasons it is now in the hands of a few persons. That few persons are now the owners of that land. The lands have some-how or other come in possession of some people. They are not the real owners. The land belongs to all. But it is now compartmentalised and held by some. But it must be recognised that it belongs to all. It is to emphasise that idea and to bring about that principle as speedly and as smoothly as possible that Vinoba Bhave is now trying. The rich man must part with his land. Even the poorest of the poor must part with his land. Vinoba Bhave comes with this idea. It is the poor man's feeling that this move is going eventually to help him. We do not want to do any harm to those who are in possession of the land. We want only to rouse the feeling in the human mind to help those that have no land. It will not do any harm to those who have land. Vinobaji says "this land is not yours except on paper. It belongs to all. You realise that truth." He wants to bring about that realisation. For that he is striving. He asks people for land not as charity. Every one must give up the idea that he is giving the land as charity. That idea is baseless. "It is for some reason or other in your hands. Do not think that it belongs to you." He goes to the extent of saying that whatever belongs to you, you must be able to part with-your own intelligence, your own health, your own power to work, to think and act, to serve. When you make use of that do not think that you are giving charity. It is the right of all. Whatever your intelligence is worth-others have a right to it. That is his philosophy. It is in the development and application of that philosophy that this movement has been started. Now lands are coming no doubt, not to the extent to which we would wish, but in a sufficient measure, but in a large measure it is coming. Now what is it that this Bill wants to do? You give facilities to deal with such land and to dispose of that land to give that land and then you make provision for the recognition legally by the state of the activities connected with this movement, with the distribution and allotment of that land, and so on. Now, Sir, I think our

LIBRARY ARCHIVES Kerala Legislative Assembly

[Shri A. Thanu Pillai]

friends' misgivings are all baseless. I for one do not believe that this move by itself is going to bring about salvation. But then it helps it in a very large way. Already during the few years that this work has been on, don't we see that it has brought about a change in the people's mind? We have got the Bills here. When we pass bills here they are not radical enough and there might be differences of opinion. I am not able to see eye to eye with my other friends here. But we are dealing with even those bills. There will be difficulties. But all that difficulty will be smoothened and the move onward will be made easier by the propagation of the ideas which is now taking place as a result of this great movement. After all what is it that is asked for in this Bill? Why should my sister Miss Gouri be so perturbed, why should my friend Mr. Bhaskarn Pillai be so disturbed? After all how is it going to affect their line of work? I do not see any danger in this. Here is a great man who wants to do this good thing, of course in a spiritual way, no doubt. But what is the harm? How can we live completely divoreed from spirituality? The most confirmed communist has an element of spirituality in his bosom. Who can deny that? You take him at his very sober moment, when he is alone, in a sombre evening or at dead of night. Then you will find that there is an element of that essential quality implanted deep in him. That was there from his very formation. That we cannot deny. It is only from that angle that we must view this bill. There is no denying that fact. Let us wait and see whether this spirit will not come back into the minds of our Russian friends. Any way I am not on that question. I do not see any harm in this Bill. Objection is taken in Vinoba Bhave being made the Central figure in the Committee. Let us think about it. After all, what is the harm? There is the *Gandhi Nithi*. We are collecting money for it and that is being utilised. It may be misspent to some extent. The Committee was constituted and they are doing it. What is it that we have lost? There is again the Khadi Board. It is doing very good work. We entrust power with certain individuals. There may be some defect in that body also. And here is the originator of the great movement Vinoba Bhave. Let a Committee be constituted according to his direction. After all is there such a very serious danger in it? If he is no more than I think there is provision in the Bill that the Government may think of constituting the Com-

LIBRARY ARCHIVES Kerala Legislative Assembly

mittee or changing it. Such small limitations are inevitable in anything we do. After all the bill may go to a Select Committee where we can make suitable changes in that provision in regard to power given to Vinoba Bhave consistently with the kind of work he is engaged in and the kind of man he is. 10 A. M.]

Then it is asked why there is such a provision when there is the ordinary law of the land. Here there is a great movement which has a potentiality of evolving the human mind in the right direction in the direction in which our friends including the Communists desire. Let us not forget that. Let us see how we can deal with this bill. We have given up stamp duty. A declaration like that has to be made. In some cases there will be no objection. Few people are malicious enough to part with lands belonging to some body else. In 99 out of 100 it is not the case. If there are genuine cases I do not think the ordinary law of the land is not enough to deal with them. If the land belonging to A is disposed of in this manner by B and if there is a real claim on it by A then there is provision to establish his claim on the land. I do not see any real danger of the kind that Miss Gouri is afraid of. There is nothing like that. Let us move with the times. We must try to take advantage of every good move. I would also warn my congress friends—not all but some of them who have a tendency—to make it appear to the uninstructed ordinary man that all the good things in the country are being done by the Congress. That attempt they should give up. They should not try to do it. There are some Congress friends who want to take advantage of this great movement. Gandhiji's movement has today, really become the influence behind the Russian and American leaders, to reduce the armaments, in their peaceful co-existence and in their non-interference in other countrys' affairs. All these ideals had their origin in Gandhian philosophy. Of course, my friends may not agree. But I am very firm in that conviction. It is that great man that sowed the seed and it has sprouted. It will grow into a big tree. I do not know whether in my time I will have the satisfation that wars are all ended. But that time will come sooner or later. Here is a move—the off-shoot of that great idea which is going to benefit the world. Let people more and more be brought to feel that land must be shared with, that every belonging should be shared, and that they cannot keep the land for themselves any longer. Let

LIBRARY ARCHIVES Kerala Legislative Assembly

[Shri A. Thanu Pillai]

not the I. A. S. officers think of enjoying their high salaries for ever. Let not business men think of enjoying their huge profits for ever. And it is here that the lever is applied and this will really exert its influence. I do not think there is anything to be afraid of. This is practically a very very innocuous move, so far as my friends' fears are concerned. I hope that there will be unanimity in allowing this Bill to go to a Select Committee. With these words I support the motion.

ശ്രീ. ടി. വി. തോമസ് : ഈ ബില്ലിനെ എതിർത്തിട്ടുള്ള എന്റെ സ്നേഹിതന്മാരുടെ വാദഗതികളെ ശ്രീമാൻ താണുപിള്ള പോലും തെറ്റിദ്ധരിച്ചതിൽ ഖേദം ഉണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടു പോലും—കേട്ടുകൊണ്ടിരുന്ന അവസരത്തിൽ എനിക്കുണ്ടായ വികാരങ്ങളെപ്പറ്റി പറയുന്നതു് ശരിയല്ലെങ്കിലും—ഈ നിയമത്തിന്റെ ആവശ്യകതയെപ്പറ്റി എനിക്കു് ബോദ്ധ്യം വന്നിട്ടില്ലെന്നു് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ ബില്ലിനെ എതിർത്തു സംസാരിച്ച ബഹുമാന്യസ്നേഹിതന്മാർ ഭൂദാനയജ്ഞത്തെ നഖശിഖാന്തം എതിർത്തു എന്നുള്ള അഭിപ്രായം ശ്രീമാൻ താണുപിള്ളയ്ക്കു് ഉണ്ടെങ്കിൽ അതു് തെറ്റാണു്. ഈ പ്രസ്ഥാനത്തെ എതിർക്കുന്നതിനുവേണ്ടിയല്ല ബില്ലിനെ എതിർത്തതു് എന്നു പറയുവാൻ എനിക്കു് ആഗ്രഹം ഉണ്ടു്. റഷ്യയിൽ അതിനെ സാധിച്ചു, ഇങ്ങനെ സാധിച്ചു, എന്നു് ഒന്നും പറയേണ്ട ആവശ്യമില്ലായിരുന്നു. ഒരു മാസത്തിനു മുൻപാണെന്നു തോന്നുന്നു, ഇവിടത്തെ വൈ. എം. സി. എ. യിൽ ഈ ഭൂദാനപ്രസ്ഥാനത്തെ കുറിച്ചു് ഒരു ചർച്ച നടന്നു. അതിൽ അദ്ധ്യക്ഷം വഹിച്ചതു് തിരുവിതാംകൂർ-കൊച്ചി കാത്തലിക് കോൺഗ്രസ്സിന്റെ തിരുവനന്തപുരം ഡി. സി. സി. പ്രസിഡന്റായ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ആയിരുന്നു.

ശ്രീ. എ. താണുപിള്ള : സർ, ഇതൊന്നും ഇവിടെ പറയാതിരിക്കുകയാണു് ഭേദം.

ശ്രീ. ടി. വി. തോമസ് : റഷ്യയിലെ കാര്യം ശ്രീമാൻ താണുപിള്ളയ്ക്കു് പറയാമെങ്കിൽ എനിക്കു് ഇതു പറഞ്ഞുകൂടെ? ഈ പ്രസ്ഥാനത്തെ അനുകൂലിച്ചു പ്രസംഗിച്ചതു് ഏറ്റവും സമർത്ഥനായ പ്രവർത്തകൻ ശ്രീമാൻ മന്മഥൻനായരായിരുന്നു. ചർച്ചകൾക്കുശേഷം ഭൂദാനം ഒരു വിഡ്ഢിത്തമാണെന്നു് ഡി. സി. സി. പ്രസിഡന്റദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഞാൻ അങ്ങനെ പറയുവാൻ തയ്യാറില്ല. ഈ ലോകത്തിൽ വിഡ്ഢിത്തം കൊണ്ടു് ചില പ്രയോജനങ്ങൾ എല്ലാം ഉണ്ടായിട്ടുണ്ടു്. ഉണ്ടാകുകയും ചെയ്യും. പക്ഷെ എന്റെ പാർട്ടി ഇതിനെ എതിർക്കുന്നതു് ഇതു് ആവശ്യമില്ലാത്ത ഒരു നിയമനിർമ്മാണം ആയതുകൊണ്ടാണു്. ഈ ബില്ലിലെ ചില വകുപ്പുകൾ വായിച്ചുനോക്കുകയാണെങ്കിൽ ഞങ്ങളുടെ എതിർപ്പിന്റെ അർത്ഥം മനസ്സിലാക്കാവുന്നതാണു്. ശ്രീമാൻ താണുപിള്ള പറയുന്നു, ഇതുകൊണ്ടു് ദോഷമൊന്നും വരാനില്ലെന്നു്. ഇതിന്റെ ഒൻപതാംവകുപ്പു് അദ്ദേഹം അവധാനത

LIBRARY ARCHIVES Kerala Legislative Assembly

യോട്ടുകൂടി വായിച്ചു നോക്കേണ്ടതാണു്. ഒരു പക്ഷെ കാണ്ഗ്രസ്സുകാർ അവരുടെ ആവേശത്തിരത്തള്ളലിൽ ഇതു് വായിക്കാതിരുന്നേക്കാം. പക്ഷെ ശ്രീമാൻ താണുപിള്ള ഇതു് വായിച്ചുനോക്കേണ്ടതാണു്. ഇതിൽ പറയുന്നതു്,

"Upon receipt of the Bhoodan declaration the Tahsildar shall publish the same calling for objections and make a summary enquiry as to the right, title and interest of the donor in such land".

ഭൂമിയുടെ ടൈറ്റിലിനെപ്പറ്റിയുള്ള പ്രാരംഭനം റെവന്യൂ കോർട്ടിൽ നടത്തി തീരുമാനിക്കാനുള്ള അധികാരം തഹസീൽദാർക്കു് നൽകുകയാണു്. അതു് സിവിൽപ്രൊസിഡ്യൂവർ കോഡിലുള്ള അവകാശത്തെ നിഷേധിക്കുകയാണു്. ഭൂദാനപ്രസ്ഥാനത്തിന്റെ ഭ്രാന്തിൽപ്പെട്ടു് വല്ല വരും എന്റെ വസ്തുവിനെ ദാനം ചെയ്യുന്നെങ്കിൽ അതിന്റെ വിക്രിയകൾക്കു് ഞാൻ ഉത്തരവാദിയാകണം പോലും. ഇതു് നീതിയാണെന്നാരെങ്കിലും വിചാരിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: ഭൂദാനം ചെയ്തിരിക്കുന്ന വസ്തുവിനെപ്പറ്റി എന്തെങ്കിലും സംശയമുണ്ടെങ്കിൽ തഹസീൽദാർ അതു് സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: എന്റെ ഭൂമി വേറൊരാൾ എഴുതിക്കൊടുത്താൽ അതു് ശരിയല്ലെന്നു് തെളിയിക്കുവാനും അതിനു വേണ്ടി ഗസറ്റും പബ്ലിക്കേഷനും തിരക്കി നടക്കുന്നതിനും ഉള്ള ഒരു ഭാരം ഞാൻ വഹിക്കണം. ഇതാണു് ഇതിൽ നിന്നും ഉണ്ടാകുന്ന കൂടുതൽ ഉപദ്രവം. ദാനം ചെയ്തു കിട്ടുന്ന സ്വത്തുക്കൾ ആക്കുവേണ്ടെന്നുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിക്കും. ഞാൻ ഇതു പറയുന്നതു് ഭൂദാനയജ്ഞത്തെപ്പറ്റി എതിർക്കാൻ വേണ്ടിയല്ല. അതുകൊണ്ടു് പ്രയോജനമുണ്ടെങ്കിൽ എനിക്കു് എതിർപ്പില്ല. മറ്റുള്ളവരുടെ തലയിൽ കൂടുതൽ ഭാരം വലിച്ചുവയ്ക്കുന്ന തരത്തിലുള്ള വകുപ്പുകൾ നിയമപുസ്തകത്തിൽ എഴുതി ചേർക്കണമോ എന്നുള്ളതാണു് വാദം.

അതുപോലെതന്നെ മറ്റൊരു സെക്ഷനിൽ അതായതു് സെക്ഷൻ പതിനൊന്നിൽ "Lands which cannot be donated" ഇന്നയിന്നഭൂമികൾ കൊടുക്കരുതെന്നു പറയുന്നുണ്ടു്. അതുകൊണ്ടു കുടിടപ്പുള്ള ഭൂമികളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയില്ല. ഈ ബില്ലു് സെലക്ട് കമ്മറ്റിക്കു് പോകുകയാണെങ്കിൽ സെലക്ട് കമ്മറ്റി അംഗങ്ങളോടു ഒന്നു അഭ്യർത്ഥിക്കുവാനുണ്ടു്. സ്വന്തം കൈയിൽ ഫലഭൂയിഷ്ഠമായ വസ്തുക്കൾ ഉള്ളപ്പോൾ പാറക്കെട്ടുകളും മറ്റും ഭൂദാനമായിട്ടു നൽകുന്നവരെ കുറഞ്ഞതു് രണ്ടു മാസത്തേക്കെങ്കിലും ശിക്ഷിക്കണമെന്നുള്ളതാണു്. അതിനുള്ള വകുപ്പു കൂടി സെലക്ട് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുത്തണം. കാണിക്കപ്പെട്ടിയിൽ കള്ളനാണയം ഇടുന്നവരെ ദുഷ്ടരെന്നും കുറുക്കരെന്നും നാം കരുതുന്നു. വഞ്ചിപ്പുഴ ചീഫിനെപ്പോലെ ഫലപുഷ്ടിയുള്ള വസ്തുക്കൾ ധാരാളം സ്വയൽവച്ചിട്ടു് കാടുകളും പാറക്കെട്ടുകളും ഭൂദാനം ചെയ്യുന്നവരെ ജയിലിൽ അയയ്ക്കേണ്ടതാണു്. ധർമ്മം കൊടുത്തില്ലെങ്കിലും പട്ടിയെവിട്ടു് കടിപ്പിക്കാതിരിക്കുവാനുള്ള ധർമ്മബോധമെങ്കിലുമുണ്ടാകണം. വസ്തു ഉടമസ്ഥന്മാർക്കു് കൂടുതൽ ഉപദ്രവം നേരിടുന്ന പ്രൊവിഷൻ എടുത്തുമാറ്റിയേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. മർക്കോസ് : സർ, ഈ സഭയുടെ മുൻപാകെ പര്യാലോചനയ്ക്ക് വന്നിട്ടു ള്ള ഭേദഗതി ബില്ലിൽ ഉടൻ പാസ്സാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതു് സെലക്ഷൻ കമ്മിറ്റിക്കു വിടേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം ഇപ്പോഴത്തെ നിലയിൽ, സ്വന്തം ഭൂമിയില്ലാതെ ആളുകൾ കുടി താമസത്തിനു് വളരെ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടെന്നുള്ളതാണ്. ഇന്നു് കുടിയിറക്കു നിരോധനബിൽ വന്നിട്ടുണ്ടെങ്കിലും പാവപ്പെട്ടവരുടെ അനുഭവങ്ങൾ അതു് കുടികിടപ്പുനിരോധനബില്ലായിട്ടാണ്. കുടിഒഴിപ്പിച്ചാൽ വീടുവച്ചു താമസിക്കുന്നതിനുള്ള സൗകര്യംപോലും കൊടുക്കാതെയും കൃത്രിമമായിട്ടുള്ള കേസ്സുകൾ കെട്ടിച്ചമച്ചും മറ്റും പാവപ്പെട്ടവരെ പല സ്ഥലങ്ങളിലും ഉപദ്രവിക്കുന്നുണ്ട്. ഈ കഴിഞ്ഞ 30-ാംതീയതി എനിക്കുണ്ടായ ഒരനുഭവത്തെപ്പറ്റി ഞാൻ പറയാം. കോട്ടയത്തു് റബ്ബർ ബോർഡിനുവേണ്ടി കുറെ സ്ഥലം എടുത്തു. ആ സ്ഥലത്തു് താമസക്കാരായ പാവപ്പെട്ട ഏഴു കുടുംബത്തിനും ഏഴുദിവസങ്ങൾക്കുള്ളിൽ അവിടെനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള നിർദ്ദേശം നൽകപ്പെട്ടു. ഞാനും ഈ ഏഴു കുടുംബങ്ങളിലുള്ള ആളുകളുംകൂടി വിവരം കോട്ടയം ഡിസ്ട്രിക്റ്റ കളക്ടറെ സമീപിച്ചു് അറിയിച്ചു. ആ അവസരത്തിൽ അവിടെ ചങ്ങനാശ്ശേരി തഹശീൽദാരും ഉണ്ടായിരുന്നു. എതായാലും അവരെ അവിടെനിന്നും ഇറക്കിവിടാതിരിക്കുവാൻ യാതൊരു മാർഗ്ഗവുമില്ലെന്ന അഭിപ്രായം മറുപടിനൽകി. അവർ എവിടെ താമസിക്കുമെന്നു് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് എതെങ്കിലും പുറംപോക്കിൽ ചെന്നു് താമസിക്കണമെന്നാണ്. എതെങ്കിലും പുറംപോക്കിൽ സൗകര്യമുണ്ടെങ്കിൽ അറിയിച്ചാൽ അതു സൗകര്യപ്പെടുത്തിത്തരാമെന്നു് ഡിസ്ട്രിക്റ്റ് കളക്ടർ പറഞ്ഞു. പുറംപോക്കിനെപ്പറ്റി കൂടുതൽ അറിയാവുന്നതു് (തഹശീൽദാർ) അദ്ദേഹത്തിനാണെന്നും അതിനാൽ അദ്ദേഹംതന്നെ അതിനു് മുൻകൈ എടുക്കണമെന്നും ഞാൻ പറഞ്ഞു. എതായാലും കൃഷിചെയ്യുന്നതിനു് ഭൂമിനൽകണമെന്നു് വാദിക്കുന്നവർക്കു് രാത്രിയിൽ കിടന്നുറങ്ങുന്നതിനെങ്കിലും സ്ഥലം നൽകുന്നകാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്കു് പറയുവാനുള്ളതു്. ഈ ബില്ലിനെ ഇടതുപക്ഷപാർട്ടിയിൽപെട്ട ആളുകൾ ഇങ്ങനെ എതിർക്കുകയുണ്ടായല്ലൊ. എനിക്കു പറയുവാനുള്ളതു് പാവപ്പെട്ട ജനങ്ങൾക്കു് കിടപ്പിടമില്ലാതാക്കി അവരെ അടിമകൊള്ളുന്നതിനു വിടുകയും സ്വന്തം പാർട്ടിപ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടിമാത്രം പരിശ്രമിക്കാതെ പാവപ്പെട്ട ജനങ്ങൾക്കു് കിടന്നുറങ്ങുന്നതിനുവേണ്ടിയെങ്കിലും ഉള്ള സ്ഥലം ലഭിക്കത്തക്ക തരത്തിൽ ഈ സഭയിലെ എല്ലാ മെംബറന്മാരും വേണ്ട തീരുമാനം എടുക്കുന്നതിനുവേണ്ടി ഈ ബില്ലു് ഇന്നുതന്നെ പാസ്സാക്കണമെന്നാണ്. പാവപ്പെട്ടവർക്കും പാർപ്പിടമില്ലാത്തവർക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും വേണ്ടി മുതലക്കണ്ണീർ വാർത്തു് അവരെ തല്ലികൊള്ളിച്ചു് മുതലെടുത്തു നേതാക്കന്മാരായിക്കഴിയുവാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിസഖാക്കൾ, ഭക്ഷണമായ വിനോബാഭാവെ ഇരന്നു വാങ്ങിച്ചിട്ടുള്ള അനേകം ഏക്കർ സ്ഥലം പാവപ്പെട്ടവർക്കും പാർപ്പിടമില്ലാത്തവർക്കും കുഴപ്പംകൂടാതെ വിതരണം ചെയ്യുന്നതിനു കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ എതിർക്കുന്നതു് ഞാൻ അത്ഭുതപ്പെടുകയും അദ്ധ്വാനിക്കുന്നവർക്കു വേണ്ടിയുള്ള കരച്ചിൽ ആത്മാർത്ഥതയില്ലാത്തതായി കാണുന്നതിൽ ഖേദിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : സർ, ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. ജെ. ജോൺ എന്തുകൊണ്ടാണ് ഈ ബില്ല് ഇവിടെ അവതരിപ്പിക്കുന്നത് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. ശ്രീമാൻ പട്ടം താണുപിള്ള പറഞ്ഞതുപോലെ ഇതു് ഈ ഒരു പാർട്ടിയിലെ പ്രശ്നമല്ല. നല്ല കാര്യങ്ങൾക്ക് സഹകരിക്കുന്ന എല്ലാ ആളുകളും സഹകരിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണ് ഇതു്. ഭൂമിയില്ലാത്തവർക്കു ഭൂമി ദാനംചെയ്യുകയാണെങ്കിൽ അതു് കൈവശം കിട്ടുന്നതിനു് നിയമസാധുത്വം ലഭിക്കുന്നതിനുള്ള കേവലമായ ഒരു ബില്ലാണ് ഇതു്. അതിനാൽ എന്തടിസ്ഥാനത്തിലാണ് ഇതിനെ എതിർക്കുന്നതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ആവശ്യമില്ലായ്മയുടെ പേരിൽ എതിർക്കുന്നു എന്നാണു പറയുന്നതെങ്കിലും അവരുടെ പ്രസംഗംകേട്ടപ്പോൾ തെലുങ്കാനയിൽവച്ചു കിട്ടിയ അടിയുടെ വേദനയുടെ ഫലമാണോ എന്നു് എനിക്കു് തോന്നി.

അവിടെ കമ്മ്യൂണിസ്റ്റുകാർ നടത്തിയ അക്രമപരിപാടികൊണ്ടു് ഒരിഞ്ചു് ഭൂമിപോലും കിട്ടാതിരുന്നതിനെ വിനോബാഭാവേയുടെ പ്രസ്ഥാനത്തിന്റെ ഫലമായി വളരെയധികം ഭൂമി അവിടത്തെ പാവങ്ങൾക്കായി വിതരണം ചെയ്യാൻ സാധിച്ചു. ജനങ്ങളുടെയിടയിൽ ഒരു സമാധാനവാഞ്ഛയുളവാക്കാനും സാധിച്ചു. അർഹതയില്ലാതെ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നതു ശരിയല്ലെന്നുള്ള ഒരു ചിന്താഗതി മനുഷ്യരിൽ ഉണ്ടാക്കിത്തീർക്കുവാൻ വിനോബാഭാവേയുടെ ഈ പ്രസ്ഥാനം വളരെ അധികം സഹായിച്ചിട്ടുണ്ട്. ആ നിലയിൽ ഈ നിയമം നിരുപദ്രവകരമായ ഒന്നാണു്. ഒരുപക്ഷേ, കമ്മ്യൂണിസ്റ്റുപാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ പ്രസ്ഥാനം അവരുടെ പാർട്ടിയുടെ നിലനിൽപ്പിനു വളരെ ദോഷംചെയ്തേക്കാമെങ്കിലും ഈ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി ഈ ബില്ലിനെ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. പി. സീതാരാമൻ : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ സഭയ്ക്കു് വെളിച്ചവും അന്തസ്സും ഇല്ലാതായ്പ്പോയി എന്നു് ഇതിനുമുമ്പു ഞാൻ പറഞ്ഞപ്പോൾ ചിലർ ചിരിക്കുന്നതു കണ്ടു. ഈ ബില്ലിനെ സംബന്ധിച്ചു് ചിലരുടെ പ്രസ്താവനകൾ കേട്ടപ്പോൾ എനിക്കുണ്ടായ അഭിപ്രായമാണ് ഞാൻ അപ്പോൾ പ്രകടിപ്പിച്ചതു്. ഇന്നു ഈ ബില്ലിനെ എതിർത്തുകൊണ്ടു ചിലർ നടത്തിയ അഭിപ്രായപ്രകടനങ്ങൾ ഈ സഭയുടെ അന്തസ്സിനെ വളരെ അധികം കളങ്കപ്പെടുത്തിയിട്ടുണ്ട്. ഭൂദാനയജ്ഞപ്രസ്ഥാനത്തെപ്പറ്റി ലോകം മുഴുവനും സ്തുതിച്ചുകൊണ്ടിരിക്കുമ്പോൾ, ഈ നിയമസഭയിൽ ചിലർ അതിനെ എതിർക്കുന്നു എന്നതു കാണുന്നതു് പരിഹാസ്യമായതിനു തർക്കമില്ല. ഇതു കാണ്ഗ്രസ്സുകാരുടെ പ്രസ്ഥാനമാണു്, ഏതാനും ചില രാഷ്ട്രീയപാർട്ടിക്കാരുടെ പ്രസ്ഥാനമാണു്. കർഷകരുടെ സമരവീര്യം നശിപ്പിക്കുന്ന ഏർപ്പാടാണു്. മനുഷ്യരെ പറഞ്ഞുപറ്റിക്കാൻ ഉണ്ടാക്കുന്ന കൊള്ളപ്രസ്ഥാനമാണു് എന്നും മറ്റും ഇത്രയധികം മഹാജനങ്ങൾ കൂടിയിട്ടു് ഒരു സഭസ്സിവച്ചു് പറയുന്നതു് വാസ്തവത്തിൽ ഖേദകരമാണു്. കുറച്ചു മുമ്പു് ഏതാനുമാളുകൾ പ്രതിഷേധിച്ചു് ഏതാനും ചില മെമ്പർമാർ അരമണിക്കൂർ എന്നു പറഞ്ഞു് പത്തുമിനിട്ടു നേരത്തേയ്ക്കു് വാക്കൗട്ടു നടത്തുകയുണ്ടായി. ഈ

[ശ്രീ. ടി. പി. സീതാരാമൻ]

ബില്ലിനെ പ്രതികൂലിച്ചുകൊണ്ടുള്ള ചിലരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ വാസ്തവത്തിൽ അതിനെ പ്രതിഷേധിച്ച് ഒരു വാക്കൗട്ട് നടത്തേണ്ടതാണെന്ന് എനിക്കു തോന്നി, പക്ഷെ എന്റെ സംസ്കാരം അതിനനുകൂലിക്കാത്തതിനാൽ ഞാൻ അതു ചെയ്യുന്നില്ലെന്നേയുള്ളൂ.

സർ, ഈ പ്രസ്ഥാനംകൊണ്ട് ഈ രാജ്യത്തെ ഭ്രഷ്ടപ്രശ്നം പരിഹരിക്കാമെന്നു ഞാൻ പറയുന്നില്ല; വിനോബാഭാവേയും പറയുന്നില്ല. എന്നാൽ അതിന് ഈ പ്രസ്ഥാനം വളരെയധികം സഹായിക്കും എന്നുള്ളതിനു സംശയമില്ല. ഇവിടെ നമുക്കു ക്ഷേത്രപ്രവേശനം സാധിച്ചുകിട്ടി. ഇതു് ഒരു ദിവസംകൊണ്ടു് ലഭിച്ചതല്ല. വളരെ എതിർപ്പുകൾ ഉണ്ടായിരുന്നിട്ടും അതിനെ നേരിടുകയും സാഹചര്യം സൃഷ്ടിക്കപ്പെടുകയാണുണ്ടായതു്. വൈക്കം സത്യാഗ്രഹം, ശ്രീ. കേളപ്പന്റെ ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയ സംരംഭങ്ങൾ ഇതിനു വളരെ സഹായകവും സുഗമവുമായ ഒരു പോക്കും ഈ രാജ്യത്തുണ്ടാക്കി അല്ലെങ്കിൽ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായതിനു ശേഷവും സവർണ്ണരുടെ കഠിനമായ പ്രതിഷേധം ഉണ്ടാകുമായിരുന്നു. അതുപോലെതന്നെ ഈ രാജ്യത്തെ ഭ്രഷ്ടപ്രശ്നം പരിഹരിക്കുന്നതിലേയ്ക്കാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുവാൻ വിനോബാഭാവേയുടെ ഈ പ്രസ്ഥാനം വളരെ സഹായകരമായി ഭവിച്ചു. ചില പ്രത്യേക കാരണങ്ങൾകൊണ്ടു് ഈ പ്രസ്ഥാനത്തെ എതിർക്കുന്നുവെന്നല്ലാതെ ഈ എതിർപ്പിനു വലിയ അർത്ഥമൊന്നുമില്ല. രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായ ഒന്നിനെ പ്രതീക്ഷിച്ചുകൊണ്ടു്, അതു് ഗാന്ധിജിയുടെ വിഭാവനയിൽ രൂപപ്പെടുത്തിക്കൊണ്ടതാണെന്നുള്ള ഏതാനും ആൾക്കാരുടെ ഒരു വിഭാഗക്കാർ എതിർക്കുകയെന്നുള്ളതു് ഇന്നൊരു ഫാഷനായി തീർന്നിട്ടുണ്ടു്. ഉദാഹരണമായി ഖാദി പ്രസ്ഥാനത്തെതന്നെ എടുക്കുക. അതു ഗാന്ധിജിയുടെ പ്രസ്ഥാനമാണു്. ഏറ്റവും ചുരുങ്ങിയ മുതൽകൊണ്ടു് ഈ രാജ്യത്തെ പട്ടിണിയും തൊഴിലില്ലായ്മയും വളരെ അധികം പരിഹരിക്കുവാൻ കഴിയുമെന്നു ബോദ്ധ്യപ്പെട്ടാണു് ഗാന്ധിജി ഈ പ്രസ്ഥാനം തുടങ്ങിയതു്. തൊഴിലില്ലായ്മ പ്രശ്നത്തിനു പരിഹാരമാർഗ്ഗം ഈ ശവണ്ടെൻഷനിൽ കാണുന്നില്ലെന്നു് ആക്ഷേപിക്കുന്നു. വന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ എന്റെ സ്നേഹിതന്മാരിൽ ഒരാളെങ്കിലും നൂൽ നൂക്കുകയോ, ഖദർ ഉടുക്കുകയോ ചെയ്യുന്നുണ്ടോ? വിനോബാഭാവേയുടെ ഈ പ്രസ്ഥാനത്തിന്റെ ഫലമായി ഇതുവരെ ഏകദേശം 40 ലക്ഷത്തിൽപരം ഏക്കർ ഭൂമി സാധുക്കൾക്കായി വിതരണം ചെയ്യാനായി ലഭിച്ചുകഴിഞ്ഞു. അതിൽ കുറേ ഭാഗം തരിശോ, പൊള്ളയോ, അല്ലെങ്കിൽ ഉപയോഗമില്ലാത്തതോ ആയിക്കൊള്ളട്ടെ. ഏതെങ്കിലും നിലയിലുള്ള കുറെ ഭൂമി അതുകൊണ്ടു് കിട്ടാൻ കഴിഞ്ഞുവല്ലോ. അതിനെ എതിർക്കുന്ന പാർട്ടിക്കാർ ഈ രാജ്യത്തു് ആവശ്യമാണോ, അവർ നിലനിൽക്കാൻ പോകുന്നോ? നിലനിന്നുപോകുവാൻ പാടുണ്ടോ എന്നുള്ള കാര്യവും ആലോചിക്കേണ്ടതാണു്.

ഈ മാതിരിയുള്ള പ്രസ്ഥാനങ്ങളുടെ സ്തിരീകരണ സൈഡ് നെ റ്റി ശ്രീ. പട്ടം താണുപിള്ള പറഞ്ഞു. ഈ രാജ്യത്തെന്നല്ല, ഏതു രാജ്യത്തായാലും, രാഷ്ട്രീയസ്വാതന്ത്ര്യമോ, സാമ്പത്തിക സ്വാതന്ത്ര്യമോ വന്നാൽപ്പോലും അതു് എക്കാലവും നിലനിൽക്കാൻ പോകുന്നില്ല. റോമൻ സാമ്രാജ്യം പാശ്ചാത്യരാജ്യങ്ങളുടെ ഏറ്റവും വലിയ ഒരു മഹച്ഛക്തി

LIBRARY ARCHIVES Kerala Legislative Assembly

യായി വളരെക്കാലം നിലനിന്നിരുന്നുവെങ്കിലും വേണ്ടിടത്തോളം രാഷ്ട്രീയമഹിമയും, സാമ്പത്തികശേഷിയും, സൈനികശക്തിയും അതിനുണ്ടായിരുന്നിട്ടും എന്തുകൊണ്ടു് ആ സാമ്രാജ്യം പിന്നീടു നശിച്ചുപോയി എന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? കഴിഞ്ഞ ലോകമഹായുദ്ധങ്ങളിൽ യൂറോപ്പിനെ കിടുകിടെ വിറപ്പിച്ചുകൊണ്ടിരുന്ന ജർമ്മൻ സാമ്രാജ്യം ഇന്നെവിടെ? അപ്പോൾ രാഷ്ട്രീയമോ സാമ്പത്തികമോ ആയ സ്വാതന്ത്ര്യം മാത്രം ലഭിച്ചതുകൊണ്ടു് ആയില്ല. മറ്റു ചില കാര്യങ്ങളിൽക്കൂടി, ആത്മീയശക്തി സമ്പാദിക്കുകയും മറ്റു മാനുഷികമൂല്യങ്ങളിൽ വില ഇരുത്തുകയും ചെയ്യാതെ, ആ സ്വാതന്ത്ര്യം പൂർണ്ണമായും സ്ഥിരമായും പുലർത്തിക്കൊണ്ടുപോകുവാൻ ഒരു രാജ്യത്തിനും സാദ്ധ്യമല്ല. സമുദായസൗഹാർദ്ദത, മതസഹിഷ്ണുത, ജന്മികുടിയാൻ സൌഹാർദ്ദം, തൊഴിലാളി മുതലാളി സൌഹാർദ്ദം, രാജ്യസ്നേഹം, സ്വരാഷ്ട്രമൈത്രി തുടങ്ങിയ മാനുഷി മൂല്യങ്ങളിൽ നാം വിശ്വസിക്കേണ്ടി വേണം. മാരകമായ അപ്രകാരമുള്ള, നിലനിൽക്കുന്ന, മഹത്തായ ഒരു രാജ്യമാക്കുവാൻ വിനോബാജി പ്രവർത്തിക്കുന്നു. ആ പ്രവർത്തനപരിധിയിൽപ്പെട്ടതാണു ഭൂദാന പ്രസ്ഥാനം. രണ്ടു സെൻറ് ഭൂമി മാത്രമുള്ള കുടിയാൻ നാളെ ഭൂസ്വത്തു സമ്പാദിക്കുമ്പോൾ അവനു ജന്മിതുല്യമനഃസ്ഥിതി വരുന്നു. തൊഴിലാളിക്കു് മുതൽ ഉണ്ടാകുമ്പോൾ മുതലാളിതുല്യമനസ്ഥിതി വരുന്നു. ഇമ്മാതിരി ഉള്ള മനഃസ്ഥിതി വരാതിരിക്കുവാനാണു് ഭൂദാനപ്രസ്ഥാനംകൊണ്ടു് വിനോബാജി ആഗ്രഹിക്കുന്നതു്. അതുകൊണ്ടാണു് ജന്മിയിൽ നിന്നും കുടിയാനിൽ നിന്നും ഭൂമി വാങ്ങിക്കുന്നതു്. അങ്ങനെയുള്ള ജന്മിമാരെ മാത്രം ബാധിക്കുന്ന, ജന്മി തരുന്ന സ്ഥലം മാത്രം എടുത്തു കുടിയാനവന്മാർക്കു് കൊടുക്കുന്ന, ഒരു പ്രസ്ഥാനമല്ല ഈ പ്രസ്ഥാനം. എല്ലാവരും, ജന്മിയും കുടിയാനും സ്ഥലം കൊടുക്കണം. ഒരു മാനസികപരിവർത്തനമാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. ഒരു കുടിയാൻ രണ്ടു സെൻറ് ഭൂമി കൊടുത്താലും അതു സന്തോഷപൂർവ്വം വാങ്ങിക്കും. ഒരു ജന്മിയുടെ അയൽവക്കത്തുകാരനായ ഈ കുടിയാൻ രണ്ടു സെൻറ് ഭൂമി കൊടുക്കുമ്പോൾ അതു കണ്ടുകൊണ്ടിരിക്കുന്ന ജന്മിക്കു് ഒരു മാനസികപരിവർത്തനമുണ്ടാകുമെന്നു ശ്രീ. വിനോബാ ഭാവേ ആശിക്കുന്നു. അങ്ങനെയുള്ള ഒരു നല്ല സാഹചര്യമുണ്ടാക്കാൻ സഹായകമായ ഈ ബില്ലിനെ എല്ലാവരും അനുകൂലിച്ചു പാസ്സാക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എം. എം. മത്തായി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഇടതുപക്ഷത്തുള്ള ചില സ്നേഹിതന്മാർ ഈ ബില്ലിനെ എതിർത്തതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. ഇതുപോലെയുള്ള നല്ല പ്രസ്ഥാനങ്ങളെ ഇതിനു മുമ്പും അവർ എതിർത്തിട്ടുണ്ടു്. അവരെ സംബന്ധിച്ചിടത്തോളം ഇതു ഒരു രാഷ്ട്രീയപ്രസ്ഥാനമാണെന്നു ശങ്കിക്കുന്നതിലും തെറ്റില്ല. ഈ പ്രസ്ഥാനം കമ്മ്യൂണിസ്റ്റുപാർട്ടിയെ ക്ഷീണിപ്പിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഇതു് അവർക്കു് രാഷ്ട്രീയകായ്മയായതു്. ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ തെലുങ്കാനായിൽ അവരുടെ കായ്കളും ഒന്നും നടക്കാതെപോയതു വിനോബാ ഭാവേയുടെ ഈ പ്രസ്ഥാനംകൊണ്ടാണു്. ഇപ്പോൾ ഇവർ ഈ പ്രസ്ഥാനത്തെ ആക്ഷേപിക്കുന്നു. മുമ്പു് ഇതുപോലെ ആക്ഷേപിച്ചുകൊണ്ടിരുന്ന പല കായ്കളും ഇപ്പോൾ നല്ലതാണെന്നു പറഞ്ഞുതുടങ്ങിയിട്ടുണ്ടു്. അടുത്തകാലത്തു മാർഷൽ ബുൾഗാനിൻ ഇൻഡ്യയിൽ വരുന്നുണ്ടു്. ആ സമയത്തു ഈ ഭൂദാനപ്രസ്ഥാനം നല്ലതാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എം. മത്തായി]

ഇവരും പറയുമെന്നാണ് എന്റെ വിശ്വാസം. അദ്ധ്വാനിക്കുന്ന ജന വിഭാഗത്തിനുവേണ്ടിയും, വീടും ഭൂമിയും ഇല്ലാത്തവർക്കുവേണ്ടിയും മുതലക്കണ്ണീർവാർക്കുന്ന സഖാക്കൾ പൂജ്യനായ വിനോബാജിയെ വിശ്വസിച്ചു കൂടാതെ ഇരന്നുവാങ്ങിയ കുറെ ഭൂമി പാവപ്പെട്ടവർക്ക് വിതരണം ചെയ്യാൻ ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കുമ്പോൾ അതിനെ എതിർക്കുന്നതു് അത്ഭുതമായിതോന്നുന്നു. ത്രിവർണ്ണ പതാകയെ എതിർത്തുകൊണ്ടിരുന്ന, കഴിഞ്ഞ വർഷംവരെ ആഗസ്റ്റ് 15-ാംതീയതി കറുത്തകൊടി കെട്ടികൊണ്ടിരുന്ന ശ്രീ. ടി. വി. തോമസ്സു് ഈ കഴിഞ്ഞ ആഗസ്റ്റ് 15-ാംതീയതി ത്രിവർണ്ണപതാക പിടിച്ചുകൊണ്ടുനടന്നതായി കേട്ടു. നല്ല ഒരു പ്രസ്ഥാനം നിശ്ചയമായും വിജയിക്കും. അതു വിജയിക്കുന്നില്ലെങ്കിൽ അതു പ്രസ്ഥാനത്തിന്റെ കുറവായിരിക്കുകയില്ല. പ്രവർത്തകന്മാരുടെ കുറവായിരിക്കും കാരണം. ഈ പ്രസ്ഥാനംകൊണ്ടു ഭൂപ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാക്കാമെന്നു ഞാനും വ്യാമോഹിക്കുന്നില്ല. വിനോബാജിയും അതവകാശപ്പെടുന്നില്ല. സമാധാനപരമായ പ്രവർത്തനത്തിൽക്കൂടി ഈ പ്രസ്ഥാനം കൊണ്ടുപോകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. വിപ്ലവത്തിൽക്കൂടി മാത്രമേ ഈ രാജ്യത്തു് എതു കാര്യവും നടപ്പിൽവരുത്താൻ സാധിക്കൂ എന്നു വിചാരിക്കുന്നതു് തെറ്റാണെന്നും സമാധാനമാർഗ്ഗത്തിൽക്കൂടി കാര്യങ്ങളും വിജയപ്രദമായി നടത്താൻ സാധിക്കുമെന്നും രാഷ്ട്രീയപ്രവർത്തകന്മാർക്കു കാണിച്ചുകൊടുക്കുവാൻവേണ്ടി ആചാര്യനായ വിനോബാജിയെ നടപ്പിലാക്കിയിരിക്കുന്ന ഒരു പ്രസ്ഥാനമാണ് ഇതു്. ഇതിനു സഹകരിക്കുവാൻ അദ്ദേഹം എത്രതന്നെ അപേക്ഷിച്ചാലും മഹാത്മജിയെപ്പോലും ഒരു പിൻതിരിപ്പനാണെന്നു ആക്ഷേപിക്കുന്ന ഒരു പാർട്ടി ഈ പ്രസ്ഥാനത്തെ ആക്ഷേപിക്കുന്നതു കുറവല്ല. അതിൽ അത്ഭുതത്തിനവകാശമില്ല. ഈ ബില്ലിൽ എന്തെങ്കിലും വൈകല്യങ്ങളും ഉണ്ടെങ്കിൽ സെലക്ട് കമ്മിറ്റിക്കയച്ചു പരിഹരിക്കാൻ കഴിയുന്നതാണു്. ശ്രീ. തോമസ്സു് പറയുംപോലെ ഒൻപതാംവകുപ്പിൽത്തന്നെ എന്തെങ്കിലും ഭേദഗതി ചെയ്യേണ്ടതുണ്ടെന്നു കണ്ടാൽ അങ്ങനെ ചെയ്യുന്നതിനു ആർക്കും ആക്ഷേപമില്ല. അതു് സെലക്ട്കമ്മിറ്റിക്കും ഈ സഭയ്ക്കും ചെയ്യാവുന്നതാണു്. അല്ലാതെ ഈ ബില്ലിനെ എതിർക്കുന്നതു ശരിയല്ല. അതുകൊണ്ടു എല്ലാഭാഗത്തുമുള്ള മെംബറന്മാർ ഈ ബില്ലിനെ അനുകൂലിച്ചു പാസ്സാക്കുമെന്നപേക്ഷിക്കുന്നു. ഇപ്പോൾ അനുകൂലിക്കാത്ത സ്നേഹിതന്മാർ പിന്നീടനുകൂലിക്കുമെന്നെനിക്കു വിശ്വാസമുള്ളതുകൊണ്ടു് അവരിനെപ്പറ്റി ഞാനിപ്പോൾ ഒന്നും പറയുന്നില്ല.

ശ്രീ. എ. ജെ. ജാൺ : ഞാൻ അവതരിപ്പിച്ച ഈ ബില്ലിനെ ഈ സഭയിലെ മിക്കവാറും എല്ലാ വിഭാഗങ്ങളിലുംപെട്ട അംഗങ്ങളും അനുകൂലിച്ചുകണ്ടതിൽ സന്തോഷമുണ്ടു്. മുന്നാലു മെംബറന്മാർ മാത്രമാണു ഇതിനെ എതിർത്തു സംസാരിച്ചതു്. ശ്രീ. പട്ടം താണുപിള്ള മാനസിക പരിവർത്തനത്തിന്റെ സാദ്ധ്യതകളേയും പ്രയോഗങ്ങളേയും പറ്റി വളരെ ശക്തിയായി പറഞ്ഞതുകൊണ്ടു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് ഈ ബില്ലിനെ പിൻതാങ്ങും എന്നാണു ഞാൻ വിചാരിച്ചതു്.

ഈ ബില്ലിൽ ആരുടെ എങ്കിലും വസ്തുക്കൾ ബലമായി എടുക്കണമെന്നു യാതൊരു വ്യവസ്ഥയും ചെയ്തിട്ടില്ല. വസ്തുക്കൾ കൈവശമുള്ളവർ, മന

LIBRARY ARCHIVES Kerala Legislative Assembly

സികപരിവർത്തനം വന്നതിന്റെ ഫലമായി ഇല്ലാത്തവർക്ക് കൊടുക്കുവാൻ അവരെ പ്രേരിപ്പിക്കുക എന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം. ഉള്ളവർ ഇല്ലാത്തവർക്കുകൂടി കൊടുക്കണമെന്നു പറയുമ്പോൾ അതിനെ എതിർക്കുന്നതെന്തിനാണെന്നു മനസ്സിലാകുന്നില്ല. നേരേമറിച്ചു വസ്തുക്കൾ ഉള്ളവരെ, കൊന്നൊടുക്കിയോ, ബലം പ്രയോഗിച്ചോ വസ്തുക്കൾ പിടിക്കണമെന്നാണോ പ്രതിപക്ഷ അംഗങ്ങൾ ആഗ്രഹിക്കുന്നതു? എതായാലും ആരുടെയെങ്കിലും വശമുള്ള വസ്തുക്കൾ നേരായ മാർഗ്ഗത്തിൽക്കൂടി അന്യന്മാർക്കു കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനുവേണ്ട സാഹചര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് ബില്ലിന്റെ ഉദ്ദേശം. വസ്തുക്കൾ വാങ്ങിക്കണമെന്നും ഭാഗിക്കണമെന്നും കമ്മ്യൂണിസ്റ്റുകാരും പറയും. പക്ഷെ അതു ബലംപ്രയോഗിച്ചു വാങ്ങിക്കണമോ അതോ സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി വാങ്ങിക്കണമോ? സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി വാങ്ങിച്ചു വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിലുള്ളതു്.

ഇവിടെ കുടിടിപ്പുകാരെപ്പറ്റി പറഞ്ഞു. കുടിക്കിടപ്പുകാരുള്ള ഭൂമിയാണ് തരുന്നതെങ്കിൽ മിക്കവാറും അവർക്കുതന്നെയായിരിക്കും ആ സ്ഥലം കൊടുക്കുന്നതു്. ശ്രീമതി ഗൗരി, കമ്മിറ്റി അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതു് വിനോബാഭാവെ ആയാൽ അദ്ദേഹം മരിച്ചാൽ പിന്നെ എന്തുചെയ്യുമെന്നു ചോദിച്ചു. സെക്ഷൻ നാല് വായിച്ചാൽ ആ സംശയം തീരുന്നതാണ്. അതിൽ പറയുന്നതു് ഇങ്ങനെയാണ്:

"If the Chairman or any Member is not nominated before the end of ....,the Government shall appoint the Chairman or the Member, as the case may be."

ചെയർമാന്റേയോ കമ്മറ്റി മെമ്പറുടേയോ സ്ഥാനം ഒഴിവു വരുമ്പോൾ അവരെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ഗവണ്മെന്റിനുണ്ടു്.

ശ്രീ. തോമസ്സ് സെക്ഷൻ ഒൻപതിലുള്ള സമ്മറിട്ടയ സിനെപ്പറ്റി പ്രസ്താവിക്കയുണ്ടായി. തിരു-കൊച്ചിയിലുള്ള തഹശീൽദാരന്മാരെല്ലാവരും മനസാക്ഷിക്കും നിയമത്തിനും തെളിവിനും വിപരീതമായി പ്രവർത്തിക്കുന്നവരാണെന്നുള്ള ബഹുമാനപ്പെട്ട മെംബരുടെ നില എനിക്കു് മനസ്സിലാകുന്നില്ല. നിയമത്തിനേയും തെളിവിനേയും അടിസ്ഥാനമാക്കി മാത്രമേ തീരുമാനം ഉണ്ടാക്കുകയുള്ളൂ. എപ്പോഴും മനുഷ്യന്റെ ദൃഷ്യവശം മാത്രമേ കാണുകയുള്ളൂ എന്നുള്ളതു് അത്ര നല്ല സ്വഭാവമാണെന്നു് എനിക്കു തോന്നുന്നില്ല. ഭൂമി ദാനം കൊടുക്കുന്നവർ കൊടുക്കുന്നതു് പാറക്കെട്ടുകളും ഉടമസ്ഥാവകാശം ഇല്ലാത്തതും ഒക്കെയാണെന്നു് പറയുകയുണ്ടായി.

ശ്രീ. കെ. സി. ജോർജ്ജ്: എല്ലാം അങ്ങിനെയാണെന്നു് പറഞ്ഞില്ല. കുറെയൊക്കെ എന്നേ പറഞ്ഞുള്ളൂ.

ശ്രീ. എ. ജെ. ജോൺ: അങ്ങിനെയുള്ള അളുകളും കണ്ടേയ്ക്കാം. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽത്തന്നെ അതിന്റെ തത്വങ്ങളനുസരിച്ചു് പ്രവർത്തിക്കാത്ത അളുകൾ കാണാം. അതുപോലെ ഈ കൊടുക്കുന്നവരുടെ കൂട്ടത്തിലും അപൂർവ്വം ഒന്നോ രണ്ടോപേർ ഉണ്ടായി എന്നുവരാം. അതിനെവച്ചുകൊണ്ടു് ഒരു പൊതു തത്വത്തെ സ്വീകരിക്കാതിരിക്കാൻ നിവൃ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

ത്തിയില്ല. പത്തു പതിനായിരം പേർ ഭൂമി കൊടുത്തിരിക്കുന്നതിൽ ഒന്നോ രണ്ടോ പേർ ന്യായമല്ലാത്തവിധത്തിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതിനു് പരിഹാരം കാണേണ്ടതാണു്. ഭൂദാനപ്രസ്ഥാനം ലോകം മുഴുവൻ വളരെ അതിശയത്തോടുകൂടി നോക്കിക്കൊണ്ടിരിക്കുകയാണു്. പത്തു നാൽപ്പതുലക്ഷം ഏക്കർ ഭൂമി കിട്ടിയതു് വളരെ അതിശയത്തോടുകൂടി ലോകം മുഴുവൻ നോക്കി കൊണ്ടിരിക്കുന്നു. ഇതിനുമുമ്പു് ലോകത്തൊരിടത്തും ഇങ്ങനെ ഒരു പ്രവർത്തനം ഉണ്ടായിട്ടില്ല.

ശ്രീമതി. കെ. ആർ. ഗൗരി : ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു് ഭൂദാനപ്രസ്ഥാനം വളർത്താനാണോ കിട്ടിയിരിക്കുന്ന ഭൂമി വിതരണം ചെയ്യാനാണോ ?

ശ്രീ. എ. ജെ. ജോൺ : രണ്ടിനുമാണു്.

ശ്രീമതി കെ. ആർ. ഗൗരി : വിതരണം ചെയ്യുന്നതിനാണെങ്കിൽ ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾ ഇല്ലേ ?

ശ്രീ. എ. ജെ. ജാൺ : നിയമങ്ങൾ ഉണ്ടെങ്കിലും ഈ ബിൽ നിയമമാകുന്നതുകൊണ്ടു് യാതൊരു കുഴപ്പവും വരാൻ പോകുന്നില്ല. ഉള്ള നിയമങ്ങൾക്കു സഹായകരമാകുകയേ ഉള്ളൂ.

എന്റെ കൈവശമുള്ള ഭൂമി വേറൊരാൾക്കു് ദാനമായി കൊടുക്കുന്നതു് വാസ്തവത്തിൽ ശരിയായ ഒരു കൈമാറ്റമാണു്. അതിനു് നിയമസാധുത്വം കൊടുക്കാൻമാത്രമേ ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : സമ്മറി ട്രയൽസ് നടത്തിക്കഴിഞ്ഞാൽ അപ്പീൽ കൊടുക്കുന്നതിനു അധികാരമുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അന്യായം കൊടുക്കുന്നതിനെ വിരോധിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ദാനം കിട്ടുന്ന ഭൂമി കുടികിടപ്പുകാർക്കു് കൊടുക്കണമെന്നു് വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഭൂമിയില്ലാത്ത ആളുകൾക്കു് കൊടുക്കണമെന്നാണു് വിചാരിക്കുന്നതു്. മനുഷ്യബുദ്ധി എപ്പോഴും നല്ലവശത്തേക്കു് തിരിയുന്നു എന്നുവേണം നാം വിശ്വസിക്കുവാൻ. കുബുദ്ധിയോടെ ഒരു കാര്യത്തെയും വീക്ഷിക്കരുതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ബില്ലിൽ അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ : കമ്മിറ്റിയിലേക്കു് എടുക്കുന്നതു് സുബുദ്ധിയുള്ളവരും ശരിയായ മനഃപരിവർത്തനം വന്നിട്ടുള്ളവരുമായിരിക്കണം. അവർ വളഞ്ഞവഴി പോകുമെന്നു് വിചാരിക്കുന്നതായിരിക്കും അബദ്ധം. ചിലർ അവരുടെ തോതുവച്ചായിരിക്കും എപ്പോഴും അളക്കുന്നതു്. അതുകൊണ്ടാണു് ഈ സംശയങ്ങളെല്ലാമുണ്ടാകുന്നതു്. നേരെമറിച്ചു് ശരിയായ തോതുവച്ചു നോക്കിയാൽ ഒരു കുഴപ്പവും കാൺകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : സൽബുദ്ധിയെ ആശ്രയിച്ചാൽ ഈ നിയമം വേണ്ടല്ലോ?

ശ്രീ. എ. ജെ. ജോൺ : അതു് ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം. എന്റെ അഭിപ്രായം വേണമെന്നാണു്. അതിനാൽ നിരുപദ്രവകരമായതും, സാധുജനങ്ങൾക്കു് ഗുണകരമായതുമായ ഈ ബിൽ പെട്ടെന്നു് പാസ്സാക്കുന്നതിലേയ്ക്കു് കമ്യൂണിസ്റ്റ്പാർട്ടി മെംബറന്മാർ ഉൾപ്പടെയുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പരിപൂർണ്ണമായി അനുകൂലിക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ ബിൽ സെലക്ട് കമ്മിറ്റിക്കയച്ചു് ചില വ്യത്യാസങ്ങൾ ചെയ്യണമെന്നു് ചില ബഹുമാനപ്പെട്ട മെംബറന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതിനാൽ താഴെ പറയുന്ന മെംബറന്മാർ ഉൾപ്പെട്ട ഒരു കമ്മിറ്റിക്കു് ബിൽ റഫർചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

1. Shri A. Thanu Pillai
2. ,, P. Bhaskaran Nair
3. ,, K. M. Chandy
4. ,, M. M. Mathai
5. ,, M. William
6. ,, K. K. Balakrishnan
7. ,, K. S. Krishna Sastri
8. Dr. Sukumaran
9. Shry. T. C. Leela Devi Amma and
10. the Mover.

The quorum will be four.

SHRI A. A. RAHIM: I second it.

MR. DEPUTY SPEAKER: The question is that the Travancore-Cochin Bhoodan Yagna Bill be referred to a Select Committee consisting of:

1. Shri A. Thanu Pillai
2. ,, P. Bhaskaran Nair
3. ,, K. M. Chandy
4. ,, M. M. Mathai
5. ,, M. William
6. ,, K. K. Balakrishnan
7. ,, K. S. Krishna Sastri
8. Dr. Sukumaran
9. Shry. T. C. Leela Devi Amma and
10. the Mover.

SHRI A. J. JOHN: It is to be reported within the end of the Session.

SHRI P. S. NATARAJA PILLAI: It may be reported in due course.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഇതുസംബന്ധിച്ചുള്ള ആക്റ്റ് ഉത്തരപ്രദേശ്, മദ്ധ്യപ്രദേശ് തുടങ്ങി പല സ്ഥലങ്ങളിലും പാസാക്കിയിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ ഇവിടെയും പാസാക്കിയാൽ കൊള്ളാം. അതുകൊണ്ട് പത്തുദിവസത്തിനകം റിപ്പോർട്ട ചെയ്യത്തക്കവണ്ണം സെലക്റ്റ കമ്മിറ്റി [illegible]. I leave it to the sense of the House.

SHRI P. S. NATARAJA PILLAI: If an earlier date is fixed, we have no objection.

SHRI A. J. JOHN: Then it may be reported within ten days.

The motion was put and carried.

The Travancore-Cochin Court of WardsBill.

Home Minister (SHRI A. J. JOHN): Sir, I beg to introduce the Travancore-Cochin Court of Wards Bill.

Minister for Health (SHRI A. A. RAHIM): I second it.

MR. DEPUTY SPEAKER: The Bill stands introduced.

SHRI A. J. JOHN: Sir, The law relating to Court of Wards applicable to the Travancore area of the State is contained in the Travancore Court of Wards Act, V of 1110 and in the Cochin Court of Wards Act, XIII of 1097 applicable to the Cochin area. In order to have a uniform law on the subject applicable to the whole State, a Bill was introduced in the Legislative Assembly in 1953 and was referred to a Select Committee. The Committee revised the Bill and before their report could be presented to the Legislative Assembly the then Assembly was dissolved and the Bill lapsed.

The present Bill is mainly based on the said Bill as revised by the Select Committee. Most of the changes suggested by the Select Committee have been accepted and incorporated in the present Bill.

The main differences between the present Bill and the existing enactments are the following:—

(1) Section 3 of the Travancore Act provides that the age of majority for wards shall be 21. This provision has been omitted in the Bill since the Indian Majority Act which has been extended to this State contains provision for the purpose.

(2) Under Section 5 of the Travancore Act the Court of Wards shall consist of five members, official or non-official

LIBRARY ARCHIVES Kerala Legislative Assembly